

ഇന്ത്യയിലെ **ഏതൊരു വ്യക്തിക്കും** ഇന്ത്യയിൽ വിദ്യാഭ്യാസ സ്ഥാപനം നടത്താൻ ഭരണ ഘടന ഉറപ്പുനൽകുമ്പോൾ, പ്രത്യേകിച്ചും **ന്യൂനപക്ഷ സമുദായങ്ങൾ** നടത്തുന്ന സ്ഥാപനങ്ങളെ സ്റ്റേറ്റ് എന്തധികാരത്തിൽ **ചോദ്യം ചെയ്യുന്നു?**

# 1957
## കേരള വിദ്യാഭ്യാസ ബിൽ

ജനാധിപത്യ പ്രക്രിയയിലൂടെ, ലോകത്തിലാദ്യമായി ഒരു കമ്മ്യൂണിസ്റ്റ് ഭരണകൂടം നിലവിൽ വന്നത് 1957 ലെ ഇ.എം.എസ് സർക്കാറിലൂടെയാണ്. സോഷ്യലിസത്തിന്റെ ബാലപാഠങ്ങൾ ലോകത്തിന് പഠിപ്പിച്ചു കൊടുക്കുക എന്ന ഉദ്ദേശ്യത്തോടെ പല സാമൂഹിക പരിവർത്തനത്തിനും ഇ.എം എസ് ഗവ: തുടക്കം കുറിച്ചു. ഭൂപരിഷ്ക്കരണ നിയമവും വിദ്യാഭ്യാസ നിയമവും (ബിൽ) അവയിൽ പ്രധാനപ്പെട്ടതാണ്.

1957 സെപ്തംബർ 2-ാം തിയ്യതിയാണ് വിദ്യാഭ്യാസ മന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരി നിയമസഭയിൽ അവതരിപ്പിച്ച ബിൽ കേരള നിയമസഭ പാസാക്കിയത്. എന്നാൽ ആർട്ടിക്കിൾ 200 ന്റെ അടിസ്ഥാനത്തിൽ അന്നത്തെ കേരള ഗവർണ്ണർ ബില്ല് പ്രസിഡണ്ടിന്റെ പരിഗണയ്ക്കായി വിട്ടു. പ്രസ്തുത സംഭവത്തിന് മുഖ്യ കാരണങ്ങളായത് ന്യൂനപക്ഷാവകാശ നിയമങ്ങളും വിമോചന സമരവും മറ്റുമായിരുന്നു. 1957 ലെ ബില്ലിൽ ആക്ഷേപമായി ഉയർന്നു വന്ന കാര്യങ്ങൾ നിരവധിയാണ്. കേരള വിദ്യാഭ്യാസ ഗുണ്ടായിസത്തിന്റെ ചരിത്രം അവലോകനം ചെയ്യാൻ അത്തരം ഖണ്ഡികകളെ ഒരാവർത്തി വായിക്കേണ്ടത് അനിവാര്യം തന്നെയാണ്.

ക്രിസ്തീയ സഭകൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളേയും മറ്റു ന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളേയും ചോദ്യം



farook c

ഭരണഘടനയുടെ കാഴ്ചപ്പാടിന് - സാമൂഹ്യ നീതിക്ക് - ഊന്നൽ നൽകിക്കൊണ്ട് സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസ സമ്പ്രദായത്തിന് തുടക്കം കുറിക്കാനാണ് ഗവർമെന്റ്

ചെയ്ത്, വിദ്യാഭ്യാസ മേഖലയിൽ സാമൂഹ്യ നീതി ഉറപ്പുവരുത്തുക, കച്ചവട കുതന്ത്രങ്ങളെ ഇല്ലായ്മ ചെയ്യുക എന്നീ കാര്യങ്ങളാണ് നിയമത്തിൽ ആക്ഷേപത്തിന് വിധേയമായത്.

ഇന്ത്യയിലെ ഏതൊരു വ്യക്തിക്കും ഇന്ത്യയിൽ വിദ്യാഭ്യാസ സ്ഥാപനം നടത്താൻ ഭരണ ഘടന ഉറപ്പുനൽകുമ്പോൾ, പ്രത്യേകിച്ചും ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന സ്ഥാപനങ്ങളെ സ്റ്റേറ്റ് എന്തധികാരത്തിൽ ചോദ്യം ചെയ്യുന്നുവെന്നായിരുന്നു വിമോചന കാലത്തെ പ്രസക്തമായ ഒരു ചോദ്യം. പ്രസ്തുത ചോദ്യത്തിന്റെ ഉത്തരം 2006 ൽ വന്ന് നിൽക്കുന്ന വിദ്യാഭ്യാസ നിയമവും ഭരണ ഘടനയെ ചൂഷണം ചെയ്ത് കച്ചവടം നടത്തുന്ന 'ന്യൂനപക്ഷങ്ങളിലെ ഭൂരിപക്ഷം പാവപ്പെട്ടവരേയും' വഞ്ചിച്ച് ആസുര താണ്ഡവമാടുന്ന ന്യൂനപക്ഷ മുതലാളിമാർ നൽകും. എന്നാൽ ഇത്തരമൊരു രാഷ്ട്രീയ സാനമ്പത്തികാവസ്ഥ മുൻകൂട്ടിക്കണ്ടുകൊണ്ട് തന്നെ 57 ലെ സർക്കാർ പ്രസ്താവിക്കുന്നു.

"ന്യൂനപക്ഷത്തിന്റെ ചില അധികാരങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ടി ഭരണ ഘടനയുടെ സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസ നയത്തെ എതിർക്കുവാൻ സംസ്ഥാനത്തിനാകില്ല. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ പൊതുസമൂഹത്തിന്റെ അവകാശങ്ങളെ ഹനിക്കാൻ പാടില്ല. അഥവാ, ന്യൂനപക്ഷ

സ്ഥാപനങ്ങൾക്ക് ഗവർമെണ്ടിന്റെ സഹായങ്ങളും അംഗീകാരവും വേണമെങ്കിൽ, പൊതു സമൂഹത്തിന് അംഗീകരിക്കാവുന്ന നിബന്ധനകളോട് കൂടി, അവർക്ക് സഹായങ്ങളും അംഗീകാരവും നൽകുന്നതാണ്."

ഭരണഘടനയുടെ കാഴ്ചപ്പാടിന് - സാമൂഹ്യ നീതിക്ക് - ഊന്നൽ നൽകിക്കൊണ്ട് സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസ സമ്പ്രദായത്തിന് തുടക്കം കുറിക്കാനാണ് ഗവർമെന്റ് ശ്രമിച്ചത്. ഭാരതത്തിന് തന്നെ മാതൃകമാക്കാമായിരുന്ന വിദ്യാഭ്യാസ നയത്തെയാണ് ന്യൂനപക്ഷങ്ങളുടെ സംഘടനകൾ എതിർത്തത്. (എന്നാൽ അത്തരം സംഘടനകളെല്ലാം തത്വത്തിൽ ന്യൂനപക്ഷങ്ങളെ പ്രതിനിധീകരിച്ചിട്ടുണ്ടോ, പ്രതിനിധീകരിക്കുന്നുണ്ടോ എന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു.) നിയമത്തിൽ പറയുന്നു; വിദ്യാഭ്യാസ സ്ഥാപനങ്ങളെ മൂന്നായി തിരിക്കാം.

1. Aided Schools

ഗവർമെന്റിന്റെ അംഗീകാരവും ഗവർമെന്റിൽ നിന്നും സാമ്പത്തിക സഹായങ്ങളും സ്വീകരിക്കുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് എയ്ഡഡ് സ്ക്കൂൾ എന്ന് പറയുന്നത്.

2.Government School

ഗവർമെന്റിന്റെ നിയന്ത്രണത്തിൽ ഗവർമെന്റ് നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് ഗവർമെന്റ് സ്ക്കൂൾ എന്ന് പറയുന്നത്.

3.Private School (Un aided Schools)

ഗവർമെന്റിന്റെ അംഗീകാരത്തോടു കൂടി എന്നാൽ ഗവർമെന്റിന്റെ സാമ്പത്തിക സഹായങ്ങളില്ലാതെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങ

അനന്തരം നിയമത്തിന്റെ 20-ാം ക്ലോസിൽ പ്രസ്താവിക്കുന്നു. ഗവർമെന്റ് സ്ക്കൂളിലേയോ, എയ്ഡഡ് സ്ക്കൂളിലേയോ, അൺ എയ്ഡഡ് സ്ക്കൂളിലെയോ പ്രൈമറി ക്ലാസ്സിലെ വിദ്യാർത്ഥികളിൽ നിന്നും **യാതൊരു തരത്തിലുള്ള ഫീസും ഈടാക്കാൻ പാടില്ല**





ളെയാണ് പ്രൈവറ്റ് അൺ എയ്ഡഡ് സ്ക്കൂൾ എന്ന് പറയുന്നത്.

അനന്തരം നിയമത്തിന്റെ 20–ാം ക്ലോസിൽ പ്രസ്താവിക്കുന്നു.

'ഗവർമെന്റ് സ്ക്കൂളിലേയോ, എയ്ഡഡ് സ്ക്കൂളിലേയോ, അൺ എയ്ഡഡ് സ്ക്കൂളിലെയോ പ്രൈമറി ക്ലാസ്സിലെ വിദ്യാർത്ഥികളിൽ നിന്നും യാതൊരു തരത്തിലുള്ള ഫീസും ഈടാക്കാൻ പാടില്ല.'

എന്നാൽ, ഫീസ് ഈടാക്കാതെ അൺ എയ്ഡഡ് സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാൻ സാധിക്കില്ല എന്ന് പൊതു സമൂഹം കരുതിയിരുന്നു. എന്നാൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുകയെന്നാൽ സേവനം നടത്തുകയെന്നോ, കാരുണ്യ പ്രവർത്തനം (ഇവമൃശ്യേ) നടത്തുകയെന്നോ വേണം കരുതാൻ. അതുകൊണ്ട് തന്നെ സമൂഹത്തിലെ കാരുണ്യ പ്രവർത്തനത്തിനായ് ഗവർമെന്റ് ഇടപെടുമെന്നും അങ്ങനെ അത്തരം പ്രൈവറ്റ് സ്ഥാപനങ്ങൾ എയ്ഡഡ് സ്ഥാപനങ്ങളായി മാറുമെന്നും, പൊതു സമൂഹത്തിന്റെ ഉന്നമനത്തിനായി ക്ഷേമ രാഷ്ട്രത്തിനായി ഇരുകൂട്ടരും ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്യമെന്ന് കരുതുകയും വേണം.

പക്ഷേ, അൺ എയ്ഡഡ് സ്ഥാപനങ്ങൾ നടത്തുകയെന്നാൽ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടിയുള്ളതാകാമെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഏതെങ്കിലും തരത്തിലുള്ള ന്യൂനപക്ഷ സമുദായങ്ങളെ നിലനിർത്തുന്നതിന് വേണ്ടി (ലിപിയോ, ഭാഷയോ, സംസ്കാരമോ) ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാമെന്ന ഭരണഘടന അനുച്ഛേദത്തെ ധ30 (1)പ നിറവേറ്റാനും ഗവർമെണ്ടിന് താല്പര്യമുണ്ടെന്നും പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ടു തന്നെ ന്യൂന പക്ഷങ്ങൾ എന്ന് അവകാശപ്പെടുന്ന സംഘടനകളും സമുദായവും നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് വ്യക്തമായ സൂചനകളും ഗവർമെന്റ് നൽകുന്നു.

മാത്രമല്ല, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെന്ന് അവകാശപ്പെടുന്ന സ്ഥാപനങ്ങളിൽ 75%ത്തിൽ അധികം മറ്റു സമുദായങ്ങളിലെ

വിദ്യാർത്ഥികളാണെന്നതും ഭരണഘടനയുടെ സപ്ത ഉൾക്കൊണ്ടത് കൊണ്ടും . [Article 30 (1) Contemplates Schools for the education of members of the minority community only] നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്, ന്യൂനപക്ഷ താല്പര്യങ്ങളെ സംരക്ഷിക്കാൻ എന്ന വ്യാജേന ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ മറ്റേന്തോ ലക്ഷ്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി എന്നല്ലേ?.

കേരളത്തിലെ അധ്യാപകരെക്കുറിച്ചും നിയമം അഭിപ്രായപ്പെടുന്നുണ്ട്. അടിമതുല്യമായ പരിഗണന മാത്രമാണ് പല സ്ഥാപനങ്ങളിലും അധ്യാപകർക്ക് ലഭിച്ചു കൊണ്ടിരിക്കുന്നത്. അത്തരം ഒരു സാമൂഹികാന്തരീക്ഷത്തിൽ നിന്ന് ഉത്തമരായൊരു ജനതയെ വാർത്തെടുക്കാൻ അവർക്ക് കഴിയുകയില്ല. നാളെയുടെ പൗരന്മാരെ വാർത്തെടുക്കേണ്ടവർ തീർച്ചയായും തങ്ങളുടെ സുരക്ഷിതത്വത്തെക്കുറിച്ച് ഉൽകണ്ഠപ്പെടുന്നുണ്ട്. അതുകൊണ്ട് കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മികച്ച സംഘാടനവും ഉന്നതിയും കൈവരിക്കുന്നതിനായി സർക്കാർ മുൻകൈ എടുക്കണം. വിദ്യാർത്ഥി സുരക്ഷിതത്വവും അധ്യാപക സുരക്ഷിതത്വവും സർക്കാർ ഒരുപോലെ ശ്രദ്ധ ചെലുത്തേണ്ട വസ്തുതകളാണ്. (വിദ്യാർത്ഥി സുരക്ഷിതത്വം അനുച്ഛേദം 45 മുഖാന്തരം നടപ്പാക്കും). അധ്യാപകരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും തടഞ്ഞുവെക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സർക്കാർ കർശനമായ നടപടി എടുക്കുമെന്നും സ്വകാര്യ സ്ഥാപനങ്ങളിലെ

**അടിമതുല്യമായ** പരിഗണന മാത്രമാണ് പല സ്ഥാപനങ്ങളിലും **അധ്യാപകർക്ക** ലഭിച്ചു കൊണ്ടിരിക്കുന്നത്. അത്തരം ഒരു സാമൂഹികാന്തരീക്ഷത്തിൽ നിന്ന് **ഉത്തമരായൊരു ജനതയെ** വാർത്തെടുക്കാൻ അവർക്ക് ക ഴി യു ക യി ല്ല

മേൽനോട്ടത്തിനായി മാനേജറെ നിയമിക്കണമെന്നും, അവരുടെ നിയമനം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസരുടെ മേൽനോട്ടത്തിലായിരിക്കണമെന്നും സ്ക്കൂൾ നടത്തിപ്പ് മാനേജരുടെ മേൽനോട്ടത്തിലായിരിക്കണമെന്നും നിയമം പറയുന്നു.

ചുരുക്കത്തിൽ, നിയമത്തിന്റെ സാധൂകരണത്തിന്നായി രാഷ്ട്രപതി ഉന്നയിച്ച ചോദ്യത്തിന് 'ഇല്ലാ'യെന്ന് മറുപടി പറഞ്ഞ സുപ്രീം കോടതിയേയും ഭരണഘടനയുടെ മൊത്തം അന്തസത്ത - സാമൂഹ്യനീതി- ഉൾകൊണ്ട് ഇത്തരം ഒരു നിയമം അവതരിപ്പിച്ച മുണ്ടശ്ശേരിയേയും അഭിനന്ദിക്കാതെ വയ്യ.

അധിനിവേശത്തിന്റെ പുതുമോടികൾ അധരിച്ച് ആഗോള ശക്തികൾ ലോകം കീഴടക്കാൻ തിരിച്ചത് അതിരുകളില്ലാത്ത വ്യാപാര സ്വപ്നങ്ങൾ മൂന്നാം ലോക രാജ്യങ്ങൾ നൽകിക്കൊണ്ടായിരുന്നു. 1986ലെ യുറേഗ്വാ ഉച്ച കോടിയിൽ ലോക വ്യാപാര സംഘടന രൂപീ കരിക്കുന്നതിനെ (WTO) ക്കുറിച്ചുള്ള ചർച്ചകൾ ആരംഭിക്കുന്നത് ഈ പുത്തൻ സാമ്രാജ്യത്വ തന്ത്രത്തിന്റെ സാധ്യതകൾ പഠിച്ചുകൊണ്ടായി രുന്നു. സൈനികാധിപത്യത്തിന്റെ, അധികാര ഗർവ്വിന്റെ കാലം, അപ്പോഴേക്കും സാമ്രാജ്യത്വ പ്രഭുക്കന്മാർക്ക് തികട്ടിത്തുടങ്ങിയിരുന്നു. പിടി ച്ചടക്കുമ്പോൾ, എല്ലാം വെട്ടിപ്പിടിക്കണം. ഒന്നും ബാക്കി വെച്ചേക്കരുത്. അങ്ങനെയാണ് ശീലം. കീഴടങ്ങുന്നവന്റെ ശരീരവും മസ്തിഷ്കവും സംസ്കാരവും അങ്ങനെയെല്ലാം കാല്ക്കീഴിലിട്ട് ചവിട്ടി ഞെരിക്കണം.


ലോക സമാധാനത്തിനും ഐക്യത്തിനും വേണ്ടി രൂപപ്പെട്ടു എന്ന് പണ്ടാരോ പറഞ്ഞു



**അരുൺരാജ്**

എം. എ. ഇംഗ്ലീഷ്


# ക്യാപിറ്റലിസ്റ്റ് എജ്യൂക്കേഷൻ

> പിടിച്ചടക്കുമ്പോൾ, എല്ലാം വെട്ടിപ്പിടിക്കണം. ഒന്നും ബാക്കി വെച്ചേക്കരുത്. അങ്ങനെയാണ് ശീലം. കീഴടങ്ങുന്നവന്റെ ശരീരവും മസ്തിഷ്കവും സംസ്കാരവും അങ്ങനെയെല്ലാം കാല്ക്കീഴിലിട്ട് ചവിട്ടി ഞെരിക്കണം.






പോയ ഐക്യരാഷ്ട്രസംഘടന തന്നെ മാരീചനായി വന്ന് 120 ഓളം രാഷ്ട്രങ്ങളെ ലോക വ്യാപാര കരാറിൽ (GATT-General Agreement on tariff and trade) 1994ൽ തന്നെ വളരെപ്പെട്ടെന്ന കുരുക്കുകയായിരുന്നു. മൂന്നാം ലോകരാജ്യങ്ങളുടെ വിപണിയെ മലർക്കെ തുറന്നിടുക എന്ന വളരെ പ്രത്യക്ഷമായ ലക്ഷ്യമാണ് GATT നുണ്ടായിരുന്നത്. വരികൾക്കിടയിൽ വായിക്കാതെ പോയതും കണ്ടില്ലെന്ന് നടിച്ചതുമായ ഒട്ടേറെക്കാര്യങ്ങൾ വേറെയും.

1995ൽ ജനീവ ആസ്ഥാനമായി ലോക വ്യാപാര സംഘടന (WTO) നിലവിൽ വരുമ്പോൾ വിപണിയിലധിഷ്ഠിതമായ സാമ്പത്തിക അധിനിവേശത്തിന് ചുക്കാൻ പിടിക്കുക എന്നത് തന്നെയായിരുന്നു മുഖ്യലക്ഷ്യം. ഒരു വർഷത്തിന് ശേഷം 1996ൽ പുറത്തിറക്കിയ ലോക വ്യാപാര-സേവന കരാറിൽ (GATS -General Agreement on trade and Service) ഇക്കാര്യങ്ങൾ കൂടുതൽ വ്യക്തമാണ്. GATS ൽ പറഞ്ഞിട്ടുള്ള 12 സേവന മേഖലകളിൽ ഒന്ന് വിദ്യഭ്യാസമാണ്. GATS വിദ്യാഭ്യാസ മേഖലയെ അഞ്ചായി തരം തിരിച്ചിരിക്കുന്നു.

1. Higher Education
2. Secondary education
3. Primary education
4. Adult education
5. Other education

ലാഭകരമായ വ്യവസായങ്ങൾക്ക് ഇത്തരത്തിലുള്ള തരം തിരിവുകൾ അനിവാര്യമത്രേ!

ലോക രാജ്യങ്ങളിലെ വിദ്യഭ്യാസത്തിന് വളരെ പ്രധാനപ്പെട്ട 4 മാനദണ്ഡങ്ങളും GATS മുന്നോട്ട് വെക്കുന്നുണ്ട്.

1. യൂണിവേഴ്സിറ്റികൾക്ക് രാജ്യാതിർത്തികൾ ഒരു തടസ്സമാകരുത്, യൂണിവേഴ്സിറ്റികൾക്ക് ഏത് രാജ്യത്തേക്കും നിസ്സംശയം കടന്ന് ചെല്ലാനുള്ള സാഹചര്യം ഉണ്ടാകണം.

യൂണിവേഴ്സിറ്റികൾക്ക് രാജ്യാതിർത്തികൾ ഒരു തടസ്സമാകരുത്, യൂണിവേഴ്സിറ്റികൾക്ക് ഏത് രാജ്യത്തേക്കും നിസ്സംശയം കടന്ന് ചെല്ലാനുള്ള സാഹചര്യം ഉണ്ടാകണം



2. വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ വിദ്യാഭ്യാസം ചെയ്യാനുള്ള അവസരം.

3. വിദ്യഭ്യാസ സ്ഥാപനങ്ങളുടെ വ്യാവസായിക അടിത്തറ ശക്തമായിരിക്കണം. മൂല ധനവും ലാഭവും മുഖ്യ പരിഗണനയായി കരുതണം.

4. ആഗോള തലത്തിൽ ഏകീകൃതമായ ഒരു വിദ്യാഭ്യാസ രീതിയും വിദ്യാഭ്യാസ നയവും ഉണ്ടായിരിക്കണം.

സാമ്രാജിത്വ രാഷ്ട്രങ്ങളിലെ യൂണിവേഴ്സിറ്റികൾ അങ്ങനെ യഥേഷ്ടം മൂന്നാം ലോക രാജ്യങ്ങളിലേക്ക് പടർന്ന് കയറി. അതേ സമയം മൂന്നാം ലോക രാഷ്ട്രങ്ങളിലെ വിദ്യാർത്ഥികൾക്ക് ആശ്വാസമാകുമായിരുന്ന രണ്ടാമത്തെ വ്യവസ്ഥ. വിദേശ രാജ്യങ്ങളിൽ പോയി വിദ്യാഭ്യാസമാർജ്ജിക്കാൻ ആവശ്യത്തിന് ബാങ്ക് ബാലൻസ് ഉണ്ടായിരിക്കണമെന്ന നിബന്ധനയിൽ തടഞ്ഞു നിർത്തി. ലാഭത്തിനധിഷ്ഠിതമായ വിദ്യാഭ്യാസത്തിന് ഊന്നൽ നല്കിക്കൊണ്ട് ഉന്നത വിദ്യാഭ്യാസം വരേണ്യ വർഗ്ഗത്തിന്റെ കുത്തകയായി മാറുന്നതോടൊപ്പം തന്നെ ആഗോള വിദ്യാഭ്യാസ ക്രമത്തിലൂടെ മൂന്നാം ലോക രാഷ്ട്രങ്ങളുടെ പാരമ്പര്യത്തെ സംസ്കാരത്തെയുമെല്ലാം അവർ കവർന്നെടുക്കുന്നു.

GATT ഉം GATS മെല്ലാം വന്നപ്പോൾ ഒട്ടും തന്നെ സമയം പാഴാക്കാതെ അതെല്ലാം ചൂടോടെ വിഴുങ്ങിയ രാജ്യക്കാരാണല്ലോ നാം. നമ്മുടെ രാഷ്ട്രത്തിലെ സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങൾ അധികാര വർഗ്ഗത്തിന് ഒരു ഭാരമാണെന്ന് അതിന്നും മുമ്പേ തോന്നിത്തുടങ്ങിയിരുന്നു. രാജീവ് ഗാന്ധി ഗവൺമെന്റ് 85ൽ പുറത്തിറക്കിയ 'വിദ്യാഭ്യാസത്തിന്റെ വെല്ലുവിളി' എന്ന നയരേഖയുടെ അടിസ്ഥാനത്തിൽ 86 ൽ പുറത്തു വന്ന 'ദേശീയ വിദ്യാഭ്യാസനയം' സൗജന്യ പ്രാഥമിക വിദ്യാഭ്യാസം ഇനി നടപ്പാക്കാനാകില്ലെന്ന് പ്രഖ്യാപിച്ചി



പ്രാഥമിക വിദ്യാഭ്യാസ വ്യവസ്ഥകളെ പുനരുത്ഥരിക്കുക, അതിനെ സാർവ്വത്രികമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 1994ൽ കേന്ദ്ര ഗവൺമെന്റ് ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി DPEP അവതരിപ്പിക്കുന്നത്. വളരെ പ്രതീക്ഷാജനകമായ ഒരു സമീപനമാണ് DPEP വിഭാവനം ചെയ്തത്. വിദ്യാഭ്യാസത്തിന്റെ സാർവ്വത്രികമായ പ്രാപ്യതക്കും, പഠനനേട്ടങ്ങളെ നിലനിർത്തിക്കൊണ്ട് മെച്ചപ്പെടുത്താനും, സാമൂഹിക വിഭാഗങ്ങളുടെ അങ്ങേയറ്റത്തെ വൈജാത്യം കുറക്കാനുമുള്ള ഒരു സാഹചര്യം ഒരുക്കുക അല്ലെങ്കിൽ നിർമ്മിച്ചെടുക്കുക എന്നതായിരുന്നു DPEPയുടെ ലക്ഷ്യം.

ഇതൊരു 'Area Specific' സമീപനമായിട്ടാണ് പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നത്. ജില്ലകളെ യൂണിറ്റുകളായി തിരിച്ചിട്ടുള്ള ഈ പദ്ധതിയുടെ മുഖ്യമായ നയം പ്രാദേശിക അവസ്ഥകളോടുള്ള സാഹചര്യാത്മകവും സംവേദനപ്രദവുമായ ബന്ധങ്ങൾ നിലനിർത്തുക എന്നതും സമൂഹത്തിന്റെ സമ്പൂർണ്ണ പങ്കാളിത്തം പദ്ധതിയിൽ ഉറപ്പു വരുത്തുക എന്നതുമായിരുന്നു.

സംയോജിത വിദ്യാഭ്യാസം എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഈ രൂപഘടന ഉദ്ദേശിക്കുന്നത് പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഏർപ്പെടുത്തിയിട്ടുണ്ടായിരുന്ന പ്രവർത്തനങ്ങളുടെ വിടവുകൾ ഇല്ലാതാക്കുക എന്നതാണ്.

പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ ഉൾക്കൊള്ളുന്നത് പുതിയ ക്ലാസ് മുറികളുടെയും സ്ക്കൂൾ മുറികളുടെയും നിർമ്മാണവും മറ്റ് പ്രാരംഭ നടപടികൾക്കായുള്ള ഇടപെടലുകൾ നടത്തുകയെന്നവയാണ്. DPEP അതിന്റെ ഔന്നത്യത്തിൽ 18 സംസ്ഥാനങ്ങളിലായി 273 ജില്ലകളിലാണ് നടപ്പിലാക്കിയത്. ഇപ്പോഴത് ഒമ്പത് സംസ്ഥാനങ്ങളിലായി 129 ജില്ലക

# ഡി.പി.ഇ.പി.

അക്ബർ
എം. എ. ഇംഗ്ലീഷ്


ളിൽ നിലനിൽക്കുന്നു. പദ്ധതി പ്രകാരം ഓരോ ജില്ലയിലും അഞ്ചുമുതൽ ഏഴുവർഷം വരെയുള്ള കാലഘട്ടത്തിൽ പ്രവർത്തനത്തിനായി 40 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. കേന്ദ്രസർക്കാർ വഴി വരുന്ന സാമ്പത്തിക സഹായം ഉപയോഗിക്കുന്ന ഈ പദ്ധതി ആരംഭിക്കുന്നത് ഐക്യ ജനാധിപത്യ മുന്നണിയുടെ കാലത്താണ്. തുടർന്ന് വന്ന ഇടതുപക്ഷ മുന്നണിയും ഈ സൗകര്യങ്ങളെ സമർത്ഥമായി വിനിയോഗിച്ചു. DPEP നാലാം ക്ലാസ് വരെ മാത്രമുള്ള സംവിധാനമാണെന്ന് പേരിൽ നിന്നു തന്നെ വ്യക്തമാണല്ലോ. ഇവിടെയാകട്ടെ ആറു ജില്ലകളിൽ മാത്രമാണ് ഈ പദ്ധതി ഉണ്ടായിരുന്നത്. അതും 2002 ൽ അവസാനിക്കുകയും ചെയ്തു. പുതിയ പാഠ്യ പദ്ധതിയാകട്ടെ, കേരളത്തിലെ സർക്കാരിന്റെ നേതൃത്വത്തിൽ അക്കാഡമിക് സമൂഹം രൂപം നൽകിയതാണ്. കക്ഷി രാഷ്ട്രീയത്തിനതീതമായി അധ്യാപകരും വിദ്യാഭ്യാസ വിദഗ്ദരും ശാസ്ത്രീയമായ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ചെടുത്തതാണ്. ഈ പദ്ധതിക്കെതിരായി ഉയർന്നു വന്ന പ്രസക്തമായ ഒരു ചോദ്യത്തിന് നമുക്ക് ഇവിടെ ഉത്തരം കണ്ടെത്താം. സാമ്രാജിത്വ ഏജൻസികളാണ് ഈ പദ്ധതിക്ക് പിന്നിലെന്നായിരുന്നു ആക്ഷേപം. എന്നാൽ പ്രൈമറി തലവും കഴിഞ്ഞ് എട്ടാം ക്ലാസ് വരെ എത്തിയിരിക്കുന്ന ഈ പദ്ധതിക്ക് മുന്നോട്ട് പോകാൻ ലോക ബാങ്കിനോപ്പോലൊരു അത്യാധുനിക സാമ്രാജിത്വ സാമ്പത്തിക സ്ഥാപനം പണം ഇങ്ങിനെ ഉപയോഗിക്കാൻ അനുമതി നൽകുമെന്ന് ആരെങ്കിലും കരുതുമോ? നിരന്തരമായി ചോദ്യങ്ങൾ ഉയർത്തുകയും വിദ്യാർത്ഥിയുടെ അന്വേഷണ ത്വരയെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഒരു പദ്ധതിയെ ഏതു സാമ്രാജ്യത്വ സ്ഥാപനമാണ് പ്രോത്സാഹിപ്പിക്കുക.

---



**കക്ഷി** രാഷ്ട്രീയത്തിനതീതമായി **അധ്യാപകരും** വിദ്യാഭ്യാസ വിദഗ്ദരും ശാസ്ത്രീയമായ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ചെടുത്തതാണ്. **ഈ പദ്ധതി**ക്കെതിരായി ഉയർന്നു വന്ന പ്രസക്തമായ ഒരു ചോദ്യത്തിന് നമുക്ക് **ഇവിടെ ഉത്തരം** കണ്ടെത്താം

ഇത്രമാത്രം ഭീതിജനകമായ അസമത്വം സൃഷ്ടിക്കുന്ന സമ്പ്രദായം ഒരു തരം പൗരന്മാരെ മാത്രം സൃഷ്ടിക്കുന്നതാണെന്ന് പ്രഖ്യാപിക്കാൻ അസാമാന്യമായ ധൈര്യം തന്നെ വേണം



കാലാകാലമായി തുടർന്നു വന്നിരുന്ന വലിയ പരിഷ്കാരങ്ങളൊന്നും ഉണ്ടായിട്ടില്ലാത്ത നമ്മുടെ പ്രാഥമിക വിദ്യാഭ്യാസ സമ്പ്രദായത്തെ മൊത്തത്തിൽ നവീകരിക്കുന്ന ഒരു പ്രവർത്തനമായാണ് DPEP തുടങ്ങിയത്. എന്നാൽ പുതിയ പാഠ്യ പദ്ധതി രണ്ടു തരം പൗരന്മാരെ സൃഷ്ടിക്കുന്നു എന്ന് ഒരു വാദമുണ്ടായിരുന്നു. ഇതിന്റെ ലളിതമായ അടിസ്ഥാനം നിലനിന്നിരുന്ന സംവിധാനം അങ്ങനെയല്ല എന്നായിരുന്നു. എങ്കിൽ ആ പദ്ധതിയുടെ ആനുകൂല്യം ആർക്കെന്ന് പരിശോധിക്കേണ്ടതുണ്ട്. കേരളത്തിലെ സ്കൂൾ ജനസംഖ്യയിൽ കേവലം നാലു ശതമാനം മാത്രം വരുന്ന അൺ എയ്ഡഡ് വിദ്യാർത്ഥികളാണ് മഹാഭൂരിപക്ഷം പ്രഫഷണൽ സീറ്റുകളും കരസ്ഥമാക്കുന്നതെന്ന വസ്തുത, ആനുകൂല്യം ആർക്കായിരുന്നുവെന്ന് പുറത്ത് കൊണ്ട് വരുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം വിദ്യാർത്ഥികളാണ് 90 ശതമാനം ബി-ടെക് സീറ്റുകളും 95.7 ശതമാനം എം.ബി.എ സീറ്റുകളും കരസ്ഥമാക്കുന്നതെന്ന് ഒരു സമീപകാല പഠനം വ്യക്തമാക്കുകയുണ്ടായല്ലോ. (Entry barriers to professional education in kerala, CSES, Kochi) കേരളീയ കുടുംബങ്ങളിൽ കേവലം 5 ശതമാനം മാത്രം വരുന്ന ധനിക-ഉയർന്ന-ഇടത്തരം കുടുംബങ്ങളിലെ കുട്ടികൾക്കാണ് പ്രഫഷണൽ സീറ്റുകൾ പ്രാപ്യമായിട്ടുള്ളതെന്നും ആ പഠനം പുറത്തു കൊണ്ടു വന്നിരുന്നു. ഇത്രമാത്രം ഭീതിജനകമായ അസമത്വം സൃഷ്ടിക്കുന്ന സമ്പ്രദായം ഒരു തരം പൗരന്മാരെ മാത്രം സൃഷ്ടിക്കുന്നതാണെന്ന് പ്രഖ്യാപിക്കാൻ അസാമാന്യമായ ധൈര്യം തന്നെ വേണം. ഈ ഗുണം അനുഭവിക്കുന്ന വരേണ്യ വർഗ്ഗം അവരെതെല്ലും ബാധിക്കാത്ത പദ്ധതിക്കെതിരെ ഇത്രമാത്രം ഉൽകണ്ഠപ്പെടുന്നത് എന്ത് കൊണ്ട്?



കണക്കിന്റെ ഉത്തരം തേടി ക്ലാസ് സമയം കഴിഞ്ഞും പൂട്ടിയ സ്ക്കൂളിനകത്ത് ഇരുന്ന് ഉത്തരം കണ്ടെത്തിയ നെപ്പോളിയന്റെ കഥ കാണാതെ പഠിപ്പിക്കുകയും, ഗുണപാഠം ഉരുവിട്ട് കൊടുക്കുകയും ചെയ്യുന്നവർ തന്നെ,

ഈ ചോദ്യം തന്നെയാണ് പ്രസക്തം. നിലവിലുള്ള വരേണ്യ വർഗ്ഗ ആധിപത്യം തകർക്കാൻ അധിക നാളുകളില്ലെന്ന സൂചനയാണ് പുതിയ പാഠ്യ പദ്ധതി ചുരുങ്ങിയ കാലം കൊണ്ട് നൽകിയത്. "തത്തമ്മേ പൂച്ച പൂച്ച" എന്ന കാണാ പാഠ രീതിയിൽ നിന്നും വ്യത്യസ്തമായി അറിഞ്ഞു പഠിക്കുന്ന പുതിയ രീതിയിലൂടെ കടന്നു വരുന്ന വിദ്യാർത്ഥി എല്ലാ രംഗങ്ങളിലും മറ്റുള്ളവരെക്കാൾ മിടുക്കരാണെന്ന് എത്രയോ താരതമ്യ പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇന്ത്യയിലെ ശിശു കേന്ദ്രീകൃത വിദ്യാഭ്യാസത്തിന്റെ ആസൂത്രകരിൽ ഒരാളായ ഡോ. യശ്പാൽ പുതിയ സമ്പ്രദായത്തെ നേരിൽ കാണുകയും അഭിനന്ദിക്കുകയും ചെയ്തിരുന്നു. കുട്ടികൾ ഉയർത്തുന്ന ചോദ്യങ്ങൾ അധ്യാപകർ പങ്കെടുത്ത ശില്പ ശാലയിൽ അദ്ദേഹം ഉയർത്തിയെങ്കിലും മഹാഭൂരിപക്ഷത്തിനും മറുപടി പറയാൻ കഴിഞ്ഞില്ലെന്നതും യാഥാർത്ഥ്യമാണ്.

ഈ ചോദ്യങ്ങളെ ഭയക്കുന്നവർ തന്നെയാണ് എതിർ പ്രചാരവേലകൾക്ക് പുറകിലുള്ളത് എന്ന് പകൽപോലെ വ്യക്തമാണ്. കണക്കിന്റെ ഉത്തരം തേടി ക്ലാസ് സമയം കഴിഞ്ഞും പൂട്ടിയ സ്ക്കൂളിനകത്ത് ഇരുന്ന് ഉത്തരം കണ്ടെത്തിയ നെപ്പോളിയന്റെ കഥ കാണാതെ പഠിപ്പിക്കുകയും, ഗുണപാഠം ഉരുവിട്ട് കൊടുക്കുകയും ചെയ്യുന്നവർ തന്നെ, സാന്ദ്രതയുടെ ഏറ്റക്കുറച്ചിൽ അറിയുന്നതിനുള്ള അന്വേഷണ ത്വര സൃഷ്ടിക്കുന്ന പുതിയ പാഠ്യ പദ്ധതിയിലെ വിദ്യാർത്ഥി 'സ്വയം പരീക്ഷണം' നടത്തി അപകടം പറ്റിയതിനെ ഒരു പാഠ്യ സമ്പ്രദായത്തിന്റെ പോരായ്മയായി വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ഗൈഡ് ലോബികളുടെയും, 'ചിന്താശേഷിയുള്ള ഒരു സമൂഹം' വളർന്നു വരുന്നതിനെ ഭയക്കുന്ന പ്രതിലോമ ശക്തികളുടെയും എതിർപ്പുകൾ ചിലർ രാഷ്ട്രീയ മുതലെടുപ്പിനായി സമരങ്ങളിലൂടെയും അപകീർത്തിപ്പെടുത്തലുകളിലൂടെയും പൊതു സമൂഹത്തിനിടയിൽ ചില പ്രതിരോധങ്ങൾ സൃഷ്ടിച്ചെടുത്തു എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇതുതന്നെയാണ് ബൗദ്ധിക കേരളത്തിന്റെ നിസ്സഹായത.

ക്കൂട്ടായ്...
ook college



ES & RESEARCH CENTRE
OZHIKODE
673 632
ROOK COL

ഹബീബ്.സി.
എം. എ. ഇംഗ്ലീഷ്

FAROOK C... LIBRARY
MSRC
Date ......7A8......
FA... CUT

# കലാലയ മനഃശാസ്ത്രം

എല്ലാ നാഗരികതയേയും സൃഷ്ടിച്ചതും അർത്ഥവത്താക്കിയതും അവിടെയുള്ള യുവത്വത്തിന്റെ കൂട്ടായ്മയായിരുന്നു. ചരിത്രത്തെ വിശകലന വിധേയമാക്കുന്നതും ചരിത്രം സൃഷ്ടിക്കുന്നതും ഒരു സമൂഹത്തിന്റെ ഭാഗമായി വർത്തിക്കുന്ന ഈ യുവജനശക്തിയാണ്. ഭൂതവും ഭാവിയും ഒന്നിച്ച് സമ്മേളിക്കുന്ന വർത്തമാനത്തിൽ വ്യത്യസ്ത ദിശയിലുള്ള വിവിധ ധാരകൾ ഒന്നിക്കുമ്പോൾ അവയെ സംവാദ വിധേയമാക്കി അതിൽ നിന്നും ഒരു പുതിയ ക്രമം സൃഷ്ടിക്കുന്നത് യുവജന ശക്തിയുടെ സർഗാത്മക ഇടപെടലുകളിലൊന്നാണ്. ഒരു രാഷ്ട്രത്തിന്റെ വാഗ്ദാനങ്ങളാകുന്ന വിദ്യാർത്ഥി സമൂഹം നിലകൊള്ളുന്ന വിശാലമായ ഒരു മണ്ഡലം എന്ന നിലക്ക് ക്യാമ്പസുകൾക്ക് നിലവിലുള്ള സാമൂഹിക സാംസ്കാരിക ക്രമത്തിൽ വർദ്ധിച്ച പ്രാധാന്യം ഉണ്ട്. ചരിത്രത്തിലേക്ക് തുറന്നു വെച്ച വർത്തമാനത്തിന്റെ കണ്ണുകളാണ് ക്യാമ്പസ് എന്ന് പ്രശസ്ത സാഹിത്യ നിരൂപകനും അദ്ധ്യാപകനുമായ പ്രൊ: കെ.ഇ.എൻ അഭിപ്രായപെടുന്നത്. ക്യാംപസ് എന്ന പ്രയോഗം ഒരർത്ഥത്തിൽ വിദ്യാർത്ഥികളെ മാത്രം ഉൾകൊള്ളുന്നതല്ല, അദ്ധ്യാപകരും വിദ്യാർത്ഥികളും ഭരണപരമായി ക്യാമ്പസിൽ ഇടപെടുന്ന ഇതരഘടകങ്ങളും ഉൾകൊള്ളുന്ന ഒരു കൂട്ടായ്മയാണ് ക്യാമ്പസ്. സമൂഹത്തിൽ ദൃശ്യമാകുന്ന വിപ്ലവകരമായ മാറ്റങ്ങൾക്കനുസരിച്ച് ചലിപ്പിക്കപ്പെടുന്ന സമൂഹത്തിന്റെ ഒരു പകർപ്പാണ് ക്യാമ്പസുകൾ എന്ന് പൊതുവെ വിശ്വസിക്കപ്പെടുന്നുണ്ട്. ഇത് തീർച്ചയായും ഏകാധിപത്യ പ്രവണതയുള്ള ഒരു നിരീക്ഷണമാണ്. മറിച്ച് സാമൂഹികമായ മറ്റെല്ലാ പ്രതിഭാ




അനുഭവം തെളിയിക്കുന്നത് സാമൂഹികമായ അടിയൊഴുക്കുകളെ അതിജീവിക്കുന്ന ഒരു അസ്തിത്വം നമ്മുടെ ക്യാമ്പസ്സുകൾക്ക് സാധ്യമാണെന്നാണ്

സങ്ങൾക്കും എന്നപോലെ സമൂഹത്തിന്റെ ഭാഗമെന്ന നിലയ്ക്ക് ക്യാമ്പസിനും സാമൂഹികമായി അനുഭവവേദ്യമാകുന്ന മാറ്റത്തിന്റെ സ്വാധീനം കണ്ടേക്കാം.

നിലവിലുള്ള തലമുറയുടെ ബോധ തലത്തിലേക്ക് വരും തലമുറയെ ഉയർത്തുവാൻ നിലവിലുള്ള തലമുറ നടത്തുന്ന ബോധപൂർവ്വമായ ഇടപെടലുകളാണ് വിദ്യാഭ്യാസം എന്നാണ് പൗലോ ഫ്രെയർ പറയുന്നത്. എന്നാൽ അനുഭവം തെളിയിക്കുന്നത് സാമൂഹികമായ അടിയൊഴുക്കുകളെ അതിജീവിക്കുന്ന ഒരു അസ്തിത്വം നമ്മുടെ ക്യാമ്പസ്സുകൾക്ക് സാധ്യമാണെന്നാണ്.

ലോകത്തിൽ ക്യാമ്പസ്സിന്റെ ചരിത്രമാരംഭിക്കുന്നത് മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ പ്രത്യേകിച്ച് ഇംഗ്ലണ്ടിലും ഫ്രാൻസിലും സ്പെയിനിലുമൊക്കെ രൂപപ്പെട്ട സർവ്വകലാശാലകളുടെ ഉദയത്തോടു കൂടിയാണ്. ഭാരതത്തിലാകട്ടെ ഇത്തരം ഒരു ക്യാമ്പസ്സ് സംവിധാനം നിലവിൽ വരുന്നത് നിലവിലുണ്ടായിരുന്ന ഗുരുകുല വിദ്യാഭ്യാസത്തിന്റെ അധ:പതനത്തോടെയാണ്. അഥവാ ഗുരുകുല വിദ്യാഭ്യാസമാകുന്ന ചോരയിറ്റുന്ന ഒരു ശിരസ്സുമേന്തിയായിരുന്നു ആധുനിക വിദ്യാഭ്യാസ സംവിധാനം 'ക്യാമ്പസ്സ് സംവിധാനം' നിലവിൽ വന്നത്. എന്നാൽ ഇത്തരമൊരു പരിണാമത്തിൽ വിദ്യാഭ്യാസമെന്നത് സർഗ്ഗാത്മകമായ-സംവാദാത്മകമായ ഒരു പ്രക്രിയയാണെന്ന തിരിച്ചറിവാണ് നാം നേടിയെടുത്തത്. ഗുരുകുല വിദ്യാഭ്യാസത്തിന്റെ മേന്മകളെ കുറിച്ച് നാം പ്രൗഢോജ്ജ്വലമായി പറയാറുണ്ടെങ്കിലും അത് തികച്ചും സർഗാത്മകതയും സംവാദാത്മകതയും അന്യമായ ഒരു പ്രക്രിയയായിരുന്നുവെന്നത് പച്ചയായ ഒരു സത്യമാണ്. ആജ്ഞയും അനുസരണയും മാത്രമായിരുന്നു ഗുരുകുലത്തിന്റെ ചാലക ശക്തികൾ. അവിടെ അന്വേഷണാത്മകമായ അനുസരണയോ സർഗ്ഗാത്മകമായ സംവാദമോ നടന്നിരുന്നില്ല. മറിച്ച് ഏകാധിപതിയായ ഗുരുവിന്റെ ആജ്ഞയ്ക്കനുസരിച്ച് ശിഷ്യൻ ചുരുങ്ങേണ്ടിയിരുന്നു. ഇങ്ങനെ സ്വാതന്ത്ര്യാനന്തരം നാം പടുത്തുയർത്തിയ ക്യാംപസ്സുകളിൽ വിദ്യാഭ്യാസത്തിന്റെ സ്വാതന്ത്ര്യവും സർഗ്ഗാത്മകവുമായ ഒരു വിവരണമാണ് നാം വീക്ഷിച്ചത്. എന്നാൽ ഓരോ കാലഘട്ടത്തിലെ ക്യാമ്പസ്സുകളിലും അതിന്റേതായ പരിമിതികളുണ്ടായിരുന്നു. ആ പരിമിതിക്കകത്തും പൊട്ടിത്തെറികൾ ഉണ്ടായിരുന്നു. ഈ പൊട്ടിതെറികളാണ് ആ ക്യാമ്പസുകളെ, ആ കാലഘട്ടത്തിന്റെ സ്പന്ദനവും ശബ്ദവും ഊർജ്ജവുമൊക്കെയാക്കി മാറ്റിയത്.



ഉത്തരാധുനിക വിദ്യാർത്ഥികളോട് പുറംലോകം ആവശ്യപെടുന്നത് കോൾ സെന്ററുകൾ മുതൽ ഭീകര ന്മാരായ കമ്പനികൾക്കു മുന്നിൽ വരെ പിച്ചനടന്നു പഠിച്ച് ഇന്റർവ്യൂ വിന് ഹാജരാകാനാണ്.

പലപ്പോഴും, എഴുപതുകളിൽ വളർന്നു വന്ന സംവാദാത്മകമായ ക്യാമ്പസ്സുകളെ നാം Ideal അഥവാ ആദർശാത്മക ക്യാമ്പസുകളായി കാണാറുണ്ട്. ബുദ്ധിപരമായും ചിന്താപരമായും ഉന്നതിയുടെ പടവുകൾ ചവിട്ടികയറാൻ അക്കാലഘട്ടത്തിലെ ക്യാമ്പസ്സുകൾക്ക് കഴിഞ്ഞു എന്നത് നിഷേധിക്കാനാവാത്ത ഒരു യാഥാർത്ഥ്യമാണ്. മറിച്ച്, അത്തരമൊരു ക്യാംപസിലേക്ക് തിരിച്ച് പോകലാണ് വിദ്യാർത്ഥികളുടെ മൗലീകമായ കടമയെന്ന് വിശ്വസിക്കുന്നത് വിഡ്ഢിത്തമാണ്. ഓരോ കാലഘട്ടവും നമ്മോട് ആവശ്യപ്പെടുന്നത് വ്യത്യസ്ത തരത്തിലുള്ള പ്രതികരണവും പ്രവർത്തനവുമാണ്. ഉത്തരാധുനിക വിദ്യാർത്ഥികളോട് പുറംലോകം ആവശ്യപെടുന്നത് കോൾ സെന്ററുകൾ മുതൽ ഭീകരന്മാരായ കമ്പനികൾക്കു മുന്നിൽ വരെ പിച്ചനടന്നു പഠിച്ച് ഇന്റർവ്യൂവിന് ഹാജരാകേണ്ട ഒരു സാഹചര്യവും തങ്ങളുടെ എല്ലാ കഴിവുകളും ഞൊടിയിടെ സ്ഫോടനാത്മകമായി വെളിപ്പെടുത്തേണ്ട ഒരു ഗതികേടുമാണ്. അതുകൊണ്ട് തന്നെ ഇത്തരത്തിലുള്ള ഒരു 'ക്വിസ് ഇന്ത്യ' ജനറേഷനായി നമ്മുടെ വിദ്യാർത്ഥി സമൂഹം ഒതുങ്ങിപ്പോയതിൽ അദ്ഭുതപെടാനില്ല. സാങ്കേതിക രംഗത്ത് വന്ന മാറ്റം, അഥവാ വിരൽ തുമ്പിൽ നമുക്ക് എന്തും ലഭിക്കുന്നു വെന്നത് ഭൂതത്തെ കുറിച്ചുള്ള ആശങ്കയും നമ്മിൽ നിന്ന് അടർത്തി എടുത്തിരിക്കുന്നു. ഇവിടെ ധൈഷണികന്മാർക്ക് പകരം അടിപൊളിയന്മാർ അഥവാ ഇലഹലയ്യമലേ ആണ് ആടിത്തിമാർക്കുന്നത്. പഴയ, സജീവമായ ബുദ്ധിപരമായ കൂട്ടായ്മകൾക്കു പകരം ഗ്യാങ്ങുകളും ഫാനുകളും ഇന്ന് ക്യാമ്പസ്സിനെ കിടിലം കൊള്ളിച്ചു കൊണ്ടിരിക്കുകയാണ്.

മാനുഷികമായ എല്ലാ ഇടപെടലുകളും അർത്ഥവത്താകുന്നത് അത് സംവാദാത്മകവും സർഗാത്മകവും ആകുമ്പോഴാണ്. എളുപ്പമായതിന്റെ പിറകെ പോകാനുള്ള ബുദ്ധി എന്ന് കടമ്മനിട്ട പറഞ്ഞതു പോലെ വിരൽതുമ്പിൽ ലഭിക്കുന്ന വിജ്ഞാനം കൊണ്ട് തൃപ്തിപെടുന്ന ശുഷ്കമായ ഒരു അവസ്ഥയിലേയ്ക്ക് നമ്മുടെ വിദ്യാർത്ഥികളും അധ്യാപകരും എത്തിചേർന്നിരിക്കുന്നു. ഇവിടെ രാഷ്ട്രീയം പോലുള്ള സജീവമായ ഇടപെടലുകൾ ഒരു രണ്ടാംതരം വിശേഷണമായി കരുതിപ്പോരുന്നു. ഇവിടെ സാമൂഹികനന്മയെ ലക്ഷ്യം വെച്ചുള്ള സജീവമായ യുവജന കൂട്ടായ്മക്ക് പകരം പാശ്ചാത്യ ഭ്രമം ബാധിച്ച്, എല്ലാം അലസമായി ആഘോഷത്തിമർപ്പിൽ മുക്കിയെടുക്കുന്ന ലക്ഷ്യബോധമില്ലാത്ത ഒരു തലമുറയെയാണ് നാം കാണുന്നത്. ഇത്തരമൊരു




നാം തച്ചു തകർത്ത അതേ പ്രാചീന സംസ്ക്കാരത്തിലേക്കു തന്നെയാണ് നമ്മുടെ ക്യാമ്പസ്സുകൾ നടന്നു പോകുന്നത് എന്നു നാം സംശയിക്കേണ്ടിയിരിക്കുന്നു

സമൂഹത്തെ അഭിപ്രായ ശൂന്യമാക്കി പൊതു ശ്രേണിയിൽ നിന്നും പൂർണ്ണമായി പിൻവലിച്ച്, മൂലധനകേന്ദ്രീകൃതമായി, എല്ലാം ഉപയോഗിച്ച് തീർക്കാനുള്ളതാണ് എന്ന വീക്ഷണ ബുദ്ധിയുള്ള ഒരു സംസ്ക്കാരത്തെ സൃഷ്ടിക്കാനാണ് നമ്മെ നയിച്ചു കൊണ്ടിരിക്കുന്ന മേലാളന്മാർ പലരും ഇന്ന് ശ്രമിച്ചു കൊണ്ടിരിക്കുന്നത്. ഇത്തരമൊരു ധ്രുവീകരണം നമ്മുടെ ക്യാമ്പസുകളെ സജീവമാക്കി കൊണ്ടിരിക്കുന്ന രാഷ്ട്രീയം പോലുള്ള ഘടകങ്ങളെ ബാധിച്ചിട്ടുണ്ട് എന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു. രാഷ്ട്രീയം സർഗ്ഗാത്മകമാവുമ്പോൾ മുദ്രാവാക്യം കവിതകളാകുന്നുവെന്ന മാവോയുടെ വചനം സ്മരണീയമാണ്.

ഗുരുകുല സമ്പ്രദായത്തിന്റെ തകർച്ചയോടെയാണ് ആധുനിക ക്യാമ്പസ്സ് സംവിധാനം നിലവിൽ വന്നതെന്ന് നാം ചർച്ച ചെയ്തുവല്ലോ. നാം തച്ചു തകർത്ത അതേ പ്രാചീന സംസ്ക്കാരത്തിലേക്കു തന്നെയാണ് നമ്മുടെ ക്യാമ്പസ്സുകൾ നടന്നു പോകുന്നത് എന്നു നാം സംശയിക്കേണ്ടിയിരിക്കുന്നു. അധീശത്വം പുലർത്തുന്ന അഥവാ ഏകാധിപതിയായ ഗുരുവിന്റെ രീതീയാണ് ഇന്ന് നമ്മുടെ ക്യാമ്പസ്സ് അധികാരികൾ പുലർത്തുന്നത്. ഇവിടെ പ്രണയമോ സംവാദമോ പ്രതികരണമോ പ്രതിരോധമോ ഒക്കെ മാനസ്സികമായി വിഭ്രാന്തി ബാധിച്ചവന്റെയോ സാമൂഹികമായി അധ:പതിച്ചവന്റെയോ ആക്രോശങ്ങളായാണ് ഇക്കൂട്ടർ വിലയിരുത്തുന്നത്. ഇങ്ങനെ പ്രതികരണത്തിന്റയും പ്രതിരോധത്തിന്റെയും എല്ലാ വാതിലുകളും കൊട്ടിയടയ്കപ്പെട്ട് യന്ത്രസമാനമായ ഒരസ്തിത്വത്തിലേക്ക് നമ്മുടെ വിദ്യാർത്ഥികൾ നീങ്ങുമ്പോൾ നാം ഇതുവരെ നേടിയെടുത്ത അവകാശങ്ങളെല്ലാം തന്നെ ഔദാര്യങ്ങളല്ല മറിച്ച് അതിജീവനങ്ങളാണ് എന്ന തത്വം പോലും നാം മറന്നു പോകുന്നു. വർദ്ധിച്ച ലാഭം സ്വായത്തമാക്കാനായി വിൽക്കാനുള്ള ഗുണമേന്മയുള്ള ഉത്പന്നങ്ങളാണ് നിങ്ങളെല്ലാം എന്ന് പരീക്ഷ അഭിമുഖീകരിക്കുന്ന ഒരു വിദ്യാർത്ഥി സമൂഹത്തെ നോക്കി ഒരു പ്രധാന അധ്യാപകൻ പറഞ്ഞുവത്രേ! ഈ നിഗമനത്തിന്റെ പൂർണ്ണമായ അർത്ഥത്തിലേക്ക് നമ്മുടെ ക്യാമ്പസ്സുകൾ എത്തിച്ചേർന്നിട്ടില്ലെങ്കിലും ഭാഗീ

കമായെങ്കിലും ഒരു കമ്പോള സംസ്ക്കാരത്തിലേക്കാണ് അവ നീങ്ങി കൊണ്ടിരിക്കുന്നത്. അഥവാ കാലത്തോട് ചോദ്യങ്ങൾ ചോദിക്കുന്നതിനു പകരം കാലത്തിന് കീഴ്പെടുന്ന ഒരു മാനസികാവസ്ഥയാണ് നമ്മുടെ ക്യാമ്പസ്സുകൾ ഇന്ന് ആർജ്ജിച്ചിട്ടുള്ളത്.

മതേതരമായ ഒരസ്തിത്വമായിരുന്നു, നമ്മുടെ ക്യാമ്പസ്സുകൾക്ക് പ്രതിഛായ നല്കിയ ഒരു പ്രധാന ഘടകം. ഇക്കഴിഞ്ഞ കുറെ കാലമായി അപ്രത്യക്ഷമായ ചില ശക്തികൾ മതേതര കൂട്ടായ്മയെ വിഭാഗീയമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇത്തരമൊരു പശ്ചാത്തലത്തിൽ നമുക്ക് ബുദ്ധിപരമായ അഥവാ അസ്തിത്വപരമായ വെല്ലുവിളികളെക്കുറിച്ച് ചർച്ചചെയ്യാൻ നേരമില്ല. എഴുപതുകളിലെ ക്യാമ്പസുകളിൽ ബുദ്ധിപരമായ ഇടപെടലുകളും ഇടപെടലുകളിലെ പ്രാധിനിത്യവും എല്ലാവരെയും അമ്പരപ്പിച്ചിരുന്നു. കുറെ പേർ ചേരുമ്പോൾ ഞാനും നിങ്ങളും എന്നതിന് പകരം നമ്മൾ എന്ന ഒരു തിരിച്ചറിവ് അവർക്കുണ്ടായിരുന്നു. മറിച്ച്, ഇന്ന് ഞാൻ എന്റെ ലോകത്തേക്കും നിങ്ങൾ നിങ്ങളുടെ ലോകത്തേക്കും ചുരുങ്ങിയിരിക്കുന്നു. ഇവിടെ നിലനിന്നിരുന്ന സാമൂഹിക ക്രമത്തെ ചോദ്യം ചെയ്തിരുന്നവർ അഥവാ ഒഴുക്കിനെ അതിജീവിച്ച് നീന്തിയവർ എക്കാലത്തും തിരുത്തൽവാദികളായിരുന്നു. സാമൂഹികമായ നന്മയും വിപ്ലാവത്മകമായ മാറ്റവും ലക്ഷ്യമാക്കി നീങ്ങിയിരുന്ന അത്തരക്കാരെ നമ്മൾ നായകന്മാരും നായികമാരും ആയി കണ്ടു. എന്നാൽ ഇന്നാകട്ടെ നന്മയുടെ മുഖംമൂടി അണിഞ്ഞുകൊണ്ട് ശിഥിലീകരണത്തിന് ശ്രമിക്കുന്ന നായകന്മാരും നായികമാരുമാണ് നമ്മുടെ ക്യാമ്പസ്സിനെ ഭരിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങളുമായി ഇടതടവില്ലാതെ ഇടപെടുന്നവരായിരുന്നു നമ്മുടെ നേതാക്കളെങ്കിൽ ഇന്ന് ജനങ്ങളിൽ നിന്ന് എത്ര ദൂരം വിട്ട് നിൽക്കാൻ കഴിയുന്നുവോ അത്രയും ദൂരം പുലർത്തുന്നവരാണ് നമ്മുടെ താരങ്ങൾ. സാമൂഹിക-സാംസകാരിക-രാഷ്ട്രീയ മേഖലകളിലെല്ലാം തന്നെ മുൻകാല ക്യാമ്പസ്സുകളിൽ നാം കണ്ടിരുന്ന "പരിമിതിക്കകത്തെ പൊട്ടിത്തെറി" നമുക്ക് അന്യമായിരിക്കുന്നു.

നിലവിലുള്ള സാമൂഹിക സാഹചര്യത്തെ സംവാദാത്മകമായി, സർഗ്ഗാത്മകമായി നേരിടലാണ് ഒരു ക്യാമ്പസിന്റെ ചരിത്രപരമായ

ജനങ്ങളുമായി ഇടതടവില്ലാതെ ഇടപെടുന്നവരായിരുന്നു നമ്മുടെ നേതാക്കളെങ്കിൽ ഇന്ന് ജനങ്ങളിൽ നിന്ന് എത്ര ദൂരം വിട്ട് നിൽക്കാൻ കഴിയുന്നുവോ അത്രയും ദൂരം പുലർത്തുന്നവരാണ് നമ്മുടെ താരങ്ങൾ

കടമ. സംവാദാത്മകം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഏതെങ്കിലും ഒരു വിഷയത്തെ രണ്ട് ദിശകളിൽ നിന്ന് കൊണ്ട് വിലയിരുത്തുകയും അങ്ങനെ അതിൽ നിന്നും ഒരു നിഗമനത്തിലെത്തുകയുമല്ല, മറിച്ച് നില വിലുള്ള സാഹചര്യത്തോട് കലഹിച്ചു കൊണ്ട്, അതിന്റെ വേലിക്കെട്ടു കളെ അതിലംഘിച്ചുകൊണ്ട് പുതിയ ഒരു സാമൂഹിക ക്രമം സൃഷ്ടി ക്കുകയാണ്. ഇത്തരമൊരു പശ്ചാത്തലത്തിലാണ് വർത്തമാനകാല സാഹചര്യം നമ്മോട് ആവശ്യപ്പെടുന്ന ഒരു ക്യാമ്പസ്സ് നമുക്ക് എങ്ങിനെ സൃഷ്ടിക്കാമെന്ന് നാം ചിന്തിക്കേണ്ടത്. "നിശബ്ദരായിരിക്കാൻ നിങ്ങൾക്കെന്തവകാശം" എന്ന് നമ്മെ ഓർമ്മിപ്പിക്കാൻ പൗലോസ് മാർ പൗലോസ് ഇന്ന് നമ്മുടെ കൂടെയില്ല. സാമ്രാജ്യത്വം വളർത്തിവിടുന്ന ഒരു കമ്പോള സംസ്ക്കാരത്തിന്റെ ഭാഗമായി ഇഴുകിച്ചേർന്നു കൊണ്ട് അത്തരമൊരു ലോകക്രമം സൃഷ്ടിക്കാൻ ഭാഗധാതുക്കളാകുന്നതിനു പകരം ധൈഷണികമായ അന്വേഷണങ്ങളിലൂടെ ചെറുത്തുനിൽപ്പിന്റെ ഒരു സംസ്ക്കാരം രൂപപെടുത്തുകയാണ് ഉത്തരാധുനിക ക്യാമ്പസുക ളുടെ ചരിത്രപരമായ ഒരു ദൗത്യം. സാമ്രാജ്യത്വ മുതലാളിത്ത ശക്തി കൾക്കെതിരെയുള്ള പ്രതികരണങ്ങൾ ലോകത്തിന്റെ അങ്ങിങ്ങ് ആർത്തി രമ്പുന്നത് നാം ദിവസേന ദർശിക്കുന്നതാണ്. സാമ്പത്തികവും സാംസ്ക്കാരികവുമായ അധിനിവേശത്തിനെതിരെ എണ്ണമറ്റ ബഹുജന പ്രക്ഷോഭങ്ങൾ ലോകത്തിന്റെ വിവിധ തുറകളിൽ ആളിപപ്പടർന്നു കൊണ്ടിരിക്കുകയാണ്. ഇത്തരമൊരു പശ്ചാത്തലത്തിൽ ഇവയൊന്നും



നമുക്ക് ബാധകമല്ലെന്ന് നടിച്ചുകൊണ്ട് ഏതോ ആലസ്യത്തിന് അടിമപ്പെട്ട് ജീവി ക്കുന്നത് ആത്മഹത്യാപരമാണ്. അതു കൊണ്ട് വർത്തമാനകാല സമൂഹം നമ്മോട് ആവശ്യപ്പെടുന്നത് ശ്വസിക്കുന്ന വായുവിനുപോലും നികുതികൊടുക്കേണ്ട ഒരവസ്ഥ സംജാതമാകുന്നതിന് മുമ്പ് സാമ്രാജ്യത്വത്തിനെതിരെ ആഗോള തര ത്തിൽ വളർന്ന് വരുന്ന സാംസ്കാരിക കൂട്ടായ്മയ്ക്ക് നേതൃത്വം നൽകുകയും അവയ്ക്ക് സംവാദാത്മകമായ ഒരന്ത രീക്ഷം സൃഷ്ടിച്ചു കൊടുക്കുകയും വേണമെന്നാണ്. നല്ല ഇന്നലെകളിൽ നിന്നല്ല ; മറിച്ച് ഇന്നിൽ നിന്നാണ് നാം തുടങ്ങേണ്ടത് എന്ന് ബ്രഹ്ത് പറഞ്ഞത് സ്മരണീയമാണ്. ഭാഷയിൽ പോലും ഇരുട്ട് വ്യാപിച്ചു കൊണ്ടിരിക്കുന്ന ഈയൊരു കാലഘട്ടത്തിൽ നമ്മിൽ നിന്ന് അടർത്തിയെടുത്ത സർഗ്ഗാത്മകതയുടെ മൊട്ടുകൾക്ക്, സംവാദാത്മകതയുടെ ബീജങ്ങൾക്ക് ഒരിക്കൽ കൂടി പുഷ്പിക്കാ നാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

സാമ്പത്തികവും സാംസ്ക്കാരികവുമായ അധിനിവേശത്തിനെതിരെ എണ്ണമറ്റ ബഹുജന പ്രക്ഷോഭങ്ങൾ ലോകത്തിന്റെ വിവിധ തുറകളിൽ ആളിപപ്പടർന്നു കൊണ്ടിരിക്കുകയാണ്

സഞ്ജുന, പ്രിയത,
ഗോവിന്ദരാജ്, ഇസ്മയിൽ

# കലോത്സവങ്ങളും ക്യാമ്പസ് ജനാധിപത്യവേദികളും



കലോത്സവങ്ങളെക്കുറിച്ച് ഞങ്ങൾക്ക് നല്ല മതിപ്പാണ്. എന്നിരുന്നാലും കലോത്സവങ്ങൾ ക്യാമ്പസ് ജനാധിപത്യവേദികളിലെത്തുമ്പോൾ സർഗ്ഗാത്മകതക്ക് മാറ്റുകൂടുന്നുണ്ടോ അതോ, യാന്ത്രികതയുമായി മുട്ടിയുരുമ്മി നിന്ന് സർഗ്ഗാത്മകതയോട് കലഹിക്കാൻ ഒരുമ്പെടുന്നുണ്ടോ എന്നൊരു സംശയം. കൂടിയുരുന്നോലോചിച്ചതിൻ ശേഷം ഒരൊറ്റത്തീരുമാനത്തിലെത്തുകയായിരുന്നു. തുഞ്ചൻ കലോല്സവത്തിനു പോകുക സാംസ്കാരിക പ്രവർത്തകരുമായി വിനിമയം നടത്തുക സംശയം ദൂരീകരിക്കുക.

കേരളത്തിന്റെ സ്വന്തം കവി മധുസൂദനൻ നായരെ കണ്ടപ്പോൾ ഞങ്ങൾ ചോദ്യം ആവർത്തിച്ചു.

"ക്യാമ്പസ് ജനാധിപത്യവേദികളുടെ കലോൽസവങ്ങളെ താങ്കൾ എങ്ങനെ കാണുന്നു?"

- കലകൾക്ക് സ്നേഹത്തിന്റെ ദൗത്യമായിരിക്കണം. ഇന്നെത്തെ സാമൂഹിക കെട്ടുപാട് പക്ഷേ അതിന് വളമൊരുക്കുന്നില്ല. കാരണം ഇന്ന് കുട്ടികൾ ചെറുപ്പം മുതലേ മാതാപിതാക്കളുടെ വിശ്വസ്തരായ അടിമകളാണ്. അവർ സമ്മാനങ്ങൾക്കും പദവികൾക്കും വേണ്ടി മാത്രം കലോൽസവങ്ങളിൽ പങ്കാളികളാവുമ്പാൾ കലയുടെ ദൗത്യം പരാജയപ്പെടുന്നു. ഇന്നത്തെ ചെറുപ്പക്കാരിൽ സ്നേഹവും ധൈര്യവും പരിപോഷിപ്പിക്കാൻ ക്യാമ്പസ് കലോൽസവങ്ങൾക്കു സാധിക്കുന്നുണ്ടെങ്കിൽ അവ മികച്ചവ തന്നെ. കാരണം എന്തെങ്കിലും തനിക്ക് പറയുവാണുണ്ടെന്ന് മനസ്സിൽ ധൈര്യം വരുമ്പോഴാണ് കലയുടെ ആദ്യ മുളപൊട്ടുന്നത്. ഇന്നത്തെ ചെറുപ്പക്കാർക്ക് ധൈര്യം പകരാൻ ക്യാമ്പസ് കലോത്സവങ്ങൾക്കാവട്ടെ.

അദ്ദേഹത്തിന്റെ ഈ നിലപാടിനോട് തികച്ചും സാമ്യം പുലർത്തുന്ന കാഴ്ചപ്പാടായിരുന്നു സിതാര കൃഷ്ണകുമാറിന്,

"വൃദ്ധന്റെ പ്രണയം ചാഞ്ഞു പെയ്യുന്ന മഴപോലെയാണ്"എന്ന് ചങ്കൂറ്റത്തോടെ വിളിച്ച് പറഞ്ഞ റോസ് മേരിയുടെ അടുത്തേക്കാണ് പിന്നെ ചെന്നത്. അവരുടെ അഭിപ്രായത്തിൽ

"എല്ലാ കലോത്സവങ്ങളും നല്ലതുതന്നെ. ചില കലോത്സവങ്ങളിൽ ചില പരാതികളുണ്ടായേക്കാം, എന്നിരുന്നാലും അവ കുറേ നല്ല കലാകാരന്മാർക്ക് അവസരം/

സാഹചര്യം ഒരുക്കിക്കൊടുക്കുന്നുണ്ട്. ഞങ്ങളുടെ കുട്ടിക്കാലത്ത് ഒരുപാട് നല്ല കലകാരന്മാരുണ്ടായിരുന്നു. വളരാനുള്ള സാഹചര്യങ്ങളില്ലാത്തതുകൊണ്ട് ഒതുങ്ങിപ്പോയെന്ന് മാത്രം."

കലോത്സവങ്ങൾ സംഘടിപ്പിക്കുന്നത് ഗവർമെന്റായാലും വിദ്യാർത്ഥിക്കൂട്ടായ്മകളായാലും, പ്രാഥമിക ധർമ്മം നേരത്തെ പറഞ്ഞതു തന്നെ. അവസരങ്ങളൊരുക്കിക്കൊടുക്കുക. ഇന്റർസോൺ അവിടെ എല്ലാ കലാകാരന്മാരും സ്വയം ഉൾക്കൊണ്ട് കൊണ്ട് മറ്റുള്ളവരെയും ഉൾക്കൊള്ളുന്നുവെന്നർത്ഥം.

എന്നാൽ രണ്ടാം വർഷ മലയാളം വിദ്യാർത്ഥി ഫെബിനക്ക് ഇത്രയും കൂട്ടിച്ചേർക്കാനൊരിഷ്ടം. അവസരങ്ങൾ ഒരുക്കുന്നതിനോടൊപ്പം തന്നെ അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്നും, നവോത്ഥാനത്തിലേക്ക് നയിക്കുന്നുണ്ടെന്നും നടത്തിപ്പുക്കാർ ശ്രദ്ധിക്കണം.

സ്കൂൾ കലോത്സവങ്ങളിലെ ധൂർത്തും, പരാതികളും പക്വതയില്ലായ്മയുടെ ഫലമാണ് എന്നും, കാമ്പസ്സിലെ പക്വതയുള്ളവരുടെ ജനാധിപത്യ വേദികളും, സംഘടനകളും അതിനുമറികടന്നുകൊണ്ട് ക്രിയാത്മകമായി പ്രവർത്തിക്കുന്നുണ്ടെന്ന് യുവ കവിയായ പി. ഗോവിന്ദനുണ്ണി പറയുന്നു.

കേരളത്തിലെ ക്യാമ്പസ് കാലാവസ്ഥകളെക്കുറിച്ചറിയാത്ത ചില മറുനാടൻ എഴുത്തുകാരും വിദ്യാർത്ഥികൾ നടത്തുന്ന കലോത്സവങ്ങളെക്കുറിച്ച് പ്രതികരിക്കാൻ തയ്യാറായി.

കേരളത്തിലെ ഒരപാടുത്സവങ്ങളിൽ വിദ്യാർത്ഥികൾക്ക് ഏറ്റവും പ്രിയപ്പെട്ടതും പ്രധാനപ്പെട്ടതുമായ ഉത്സവമായി ഇൻന്റർസോൺ കലോത്സവത്തെ താൻ തിരിച്ചറിയുന്നുവെന്ന് കൊങ്കിണി സാഹിത്യക്കാരനായ 'രമേഷ് വെലുസ്കർ' പറഞ്ഞു. കലകളെ പോഷിപ്പിക്കാനുള്ള വിദ്യാർത്ഥിക്കൂട്ടായ്മ; ആത്മാർത്ഥമായി സമീപിക്കുന്നവയോട് നമുക്ക് പരാതിയും കെറുവും കാണിക്കാനാവില്ല എന്നതിന്റെ തെളിവാണെന്നും രമേഷ് അഭിപ്രായപ്പെട്ടു.

കന്നട കവിയത്രിയായ 'കവിതാ റായ്' പറഞ്ഞത്, താൻ ഒരു വിദ്യാർത്ഥിയായിരിക്കെത്തന്നെ, വിദ്യാർത്ഥികൾ സംഘടിപ്പിക്കുന്ന കലോത്സവങ്ങളോട് അവർക്ക് വലിയ ഇഷ്ടമാണെന്നാണ്. ആർക്കും അടിമപ്പെടാത്ത മനസ്സ് വിദ്യാർത്ഥികൾക്കെ ഉള്ളൂവെന്നും സമൂഹത്തിൽ പരിവർത്തനങ്ങൾ ഉണ്ടാക്കാൻ അവർക്കെ ആവുകയുള്ളൂ എന്നും റായ് പറഞ്ഞു.

"ഉത്സവങ്ങൾക്ക് ലഹരി പകരുന്നത് ചുറുചുറുക്കുള്ള കുട്ടികൾ തന്നെ. മാത്രമല്ല, ഇവിടെ കുട്ടികൾ കലോത്സവങ്ങൾ സംഘടിപ്പിക്കുന്നു എന്നുകൂടി കേട്ടപ്പോൾ വളരെയധികം സന്തോഷം തോന്നി." 'തമിഴിന്റെ

**കലോത്സവങ്ങൾ യുവ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും, സംഘാടനം പലപ്പോഴും ഏകപക്ഷീയമായിപ്പോകുന്നില്ലേ**

മാധവിക്കുട്ടി' എന്നറിയപ്പെടുന്ന 'സൽമ' പറയുന്നു. "........ സ്വന്തമായൊരു വേദിയും ഉണ്ടായിരിക്കുക എന്ന് പറഞ്ഞാൽ തന്നെ ഒരു വലിയ കാര്യമാണ്. ആ വലിയ കാര്യത്തിൽ മറ്റ് കൊച്ചു കൊച്ചു ദൂഷ്യങ്ങൾ മാഞ്ഞ് മാഞ്ഞ് ഇല്ലാതെ പോകട്ടെ." സൽമ ആശംസിക്കുന്നു.

ഇവരിൽ നിന്നെല്ലാം വ്യത്യസ്തമായ ചില അഭിപ്രായങ്ങൾ കാമ്പസ്സിലെ തന്നെ ചില വിദ്യാർത്ഥികൾ പ്രകടിപ്പിച്ചത്.

"കലോത്സവങ്ങൾ യുവ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും, സംഘാടനം പലപ്പോഴും ഏകപക്ഷീയമായിപ്പോകുന്നില്ലേ" എന്ന് രണ്ടാം വർഷ ഇംഗ്ലീഷ് വിദ്യാർത്ഥിനി രജീന സംശയിക്കുന്നു. അതേ സമയം, കുറുമ്പും അയൂസയുമില്ലാത്ത മത്സര വേദികൾ സൃഷ്ടിക്കുന്നവരെ അകമഴിഞ്ഞ് പ്രശംസിക്കുന്നു, രണ്ടാം വർഷ ബോട്ടണി വിദ്യാർത്ഥിയും, കാമ്പസ്സിലെ ഗായകനുമായ സഞ്ജയ് ഗോപാൽ.

അക്കാദമിക കാമ്പസ്സിൽ നിന്നും സർഗ്ഗാത്മകതയിലേക്കുള്ള ഒരു വേദിയായിട്ടാണ് രണ്ടാം വർഷ വിദ്യാർത്ഥിനികളായ ആതിരയും, ഹസീമയും കലോത്സവങ്ങളെ കണക്കാക്കുന്നത്.

ഇത്രയൊക്കെയാണ് ഞങ്ങൾ സമാഹരിച്ചതിന്റെ സംഗ്രഹങ്ങൾ. ഒടുവിൽ ഒന്നുകൂടി കൂട്ടിച്ചേർക്കെട്ടെ..., സങ്കേതികതയുടെ കാലത്ത് അക്ഷരങ്ങളും പുസ്തകങ്ങളും കലകളുമെല്ലാം കോംപാക്റ്റ് ഡിസ്കുകളിൽ ഒതുങ്ങുമ്പോൾ..., ആർക്കും അടിമപ്പെടാത്ത മനസ്സുകളുള്ള വിദ്യാർത്ഥികളുടെ കൂട്ടായ്മകൾ സർഗ്ഗാത്മകചെറുത്തുനിൽപ്പിന്റെ വഴികൾ മുന്നിൽ തുറന്നിടുമ്പോൾ...

മനസ്സുരുകി തന്നെ പറയുന്നു...
ആരും കാർക്കിച്ച് തുപ്പരുതേ....

# കൂയ്...

സംസ്കാരത്തിന്റെ പലതലങ്ങൾ പലകൈവഴികളിലേയ്ക്കായി ഒഴുകിപ്പിരിയുമ്പോൾ എവിയെനിന്നോ ഒരു കൂവൽ ഉയരുന്നു.....കൂ.......

പുഞ്ചപ്പാടത്തെ വരമ്പിലൂടെ ദിനേശൻ ധൃതിയിൽ നടക്കുകയാണ്. കൈലിമുണ്ട് മടക്കിക്കുത്തി, ചുണ്ടിലൊരു ബീഡികത്തിച്ച്, ആഞ്ഞുവലിച്ച് തിടുക്കത്തിൽ വരുന്നു. വരമ്പ് വെള്ളത്തിലൂടെയൊലിച്ച് പാടമായപ്പോൾ ദിനേശൻ നിന്നു. കൈയ്യിലെ പൊതി കക്ഷത്തു തിരുകി, ബീഡി നീട്ടി വലിച്ച് കുറ്റി ദൂരെക്കളഞ്ഞു. ഓളങ്ങളിലെ പായൽ നിറയെ പതിയെ നീക്കി മുഖം കഴുകി, പിന്നെ നീട്ടി കൂവി.

കൂയ്...............

പാടത്തിനക്കരെ നിന്നും കുമാരനും കൂവി

കൂയ്

ഞാൻ ഇവിടെത്തന്നെയുണ്ട്, നീയോ....?

നിർവ്വചനങ്ങൾക്കതീതമായി ഒരാകാശവും ആകാശത്തിൻ കീഴെ ഭൂമിയും ഭൂമിയിൽ അക്ഷരങ്ങൾകൊണ്ട് പ്രതികരിക്കുന്നവരുമുണ്ടങ്കിൽ അവിടെയൊരു സംസ്കാരം ഉടലെടുക്കുന്നു- കൂവലിന്റെ സംസ്കാരം. സംസ്കാരത്തിന്റെ പലതലങ്ങൾ പലകൈവഴികളിലേയ്ക്കായി ഒഴുകിപ്പിരിയുമ്പോൾ എവിയെനിന്നോ ഒരു കൂവൽ ഉയരുന്നു. കൂ....... എന്ന ഒറ്റ


അക്ഷരത്തിൽ തുടങ്ങി നിരവധി ഭാവങ്ങളിലേക്ക് പൊട്ടി ച്ചിതറുന്ന ഒരക്ഷരത്തിന്റെ സൗന്ദര്യം മുഴുവൻ ആവാഹിച്ച വാക്കിന്റെ അനന്തപ്രപഞ്ചം അർത്ഥങ്ങളും അനർത്ഥങ്ങളും ചങ്ങലക്കെട്ടുകൾക്കുള്ളിൽ തളച്ചപ്പോൾ ഒരൊറ്റശബ്ദം മാത്രം............... കൂ...

തന്ത്രി നട തുറന്ന് പുറത്തേക്ക് വന്നു. കൈയ്യിലൊരു താലമുണ്ട്. ശ്രീത്വത്തോടെ കർപ്പൂരം കത്തുന്നുണ്ട്, പൂക്കളുണ്ട് , മലരുണ്ട്, നൈവേദ്യമുണ്ട് കൂട്ടത്തിൽ ഒരു താലിയും വിറക്കുന്ന കൈകളോടെ കൃഷ്ണൻ രാധയ്ക്ക് താലിചാർത്തിയപ്പോൾ കൂടി നിന്നവർ പുഷ്പവൃഷ്ടി നടത്തി പ്രായമായവർ കുരവയിട്ടു.

കൂയ്.....................കൂയ് ................

സ്വനഗ്രന്ഥികളുടെ സുന്ദരമായ താളലയങ്ങളിലൂടെ മൃഗ കണ്ഠത്തിലേക്ക് കൂവൽ / കുരവയെത്തിയപ്പോൾ ആദിമ മനുഷ്യൻ അത് വിനിമയോപാധിയാക്കി, വാമൊഴിക്കും വരമൊഴിക്കും കേട്ടുകേൾവിപോലുമില്ലാത്ത

കാലത്ത് നമ്മുടെ പൂർവ്വപിതാമഹന്മാർ കൂവലിനെ ഉൽപാദിപ്പിച്ചു.പ്രകീർത്തനത്തിനും പ്രോത്സാഹനത്തിനും കൂരവ ഉപയോഗിച്ചു. ദുഷ്ടശക്തികളെ കൂട്ടായ്മയുടെ ദൈവീക ശക്തി ക്കു മുന്നിൽ നിന്നും ആട്ടിപ്പായിക്കാനായിരുന്നത്. ശക്തി മന്ത്രങ്ങൾക്കും കഠിനപൂജകൾക്കും ഉപരിയായ് കുരവ കൂട്ടായ്മയുടെ പ്രതീകമായാണ് നിലനിൽക്കുന്നത്.




കണ്ട പെൺകുട്ട്യോളെ വായ് നോക്കി നടന്നാ അങ്ങനെയൊക്കെണ്ടാവും പാടത്തു നിന്ന് കൈപിടിച്ച് പൊക്കുന്നതിനിടെ ചങ്ങാതി പറഞ്ഞു.

കൂയ്....കൂയ് അതൊരു കൂട്ടക്കൂവലായിരുന്നു. ചേറ് പുരണ്ടിരിക്കുന്നു. അവൾ മാത്രം, കൂട്ടത്തിൽ ചിരിക്കാതിരിക്കാനാവാതെ ചിരിക്കുകമാത്രം ചെയ്തു.

കണ്ട പെൺകുട്ട്യോളെ വായ് നോക്കി നടന്നാ അങ്ങനെയൊക്കെണ്ടാവും പാടത്തു നിന്ന് കൈപിടിച്ച് പൊക്കുന്നതിനിടെ ചങ്ങാതി പറഞ്ഞു.

പ്രതിക്ഷേധത്തിന്റെ സൂചനയായ് പലരേയും നാം കൂവി തോല്പിക്കാറുണ്ട്. അപമാനിക്കാറുണ്ട്. നിലപാടുകളും വ്യക്തികളും പ്രതിലോമ പ്രതിക്ഷേധങ്ങൾ നടത്തുമ്പോൾ കൂവിപോകാറുണ്ട്.



കാലക്രമത്തിൽ  പ്രോത്സാഹനം കുരവയുടെ ചുവടുമാറി കൈയ്യടിക്കിടയിലേക്ക് കൂടുമാറി പാർത്തപ്പോൾ, ഗ്രാമീണത പ്രാകൃതമെന്ന് വിളിച്ച് ആഗോളവത്കരണത്തിന്റെ കളങ്കപ്പെട്ട പരിഷ്കാരത്തെ വിളിച്ച് അരികിലിരുത്തിയപ്പോൾ, പൈതൃകത്തിന്റെ അസ്ഥിത്വത്തെ ചോദ്യം ചെയ്ത് പഴയതിനെ തൊഴിച്ചു തെറിപ്പിച്ചപ്പോൾ കൂവൽ വിയോജിപ്പിന്റെ പ്രത്യയശാസ്ത്രമായി മാറി.

ഇരുട്ടുനിറഞ്ഞ കാഴ്ചയും ശ്വസിക്കാത്ത ഹൃദയവും ചേർന്ന് കൂവലിനെ പ്രതികൂട്ടിൽ നിർത്തിയപ്പോൾ ഒന്നാന്തരം ബ്രോയിലർ കോഴികളെന്ന് ആർത്തു വിളിച്ച, കുത്തക സാമ്രാജ്യത്തിന്റെ  മത്സരവരികൾക്ക് മാത്രം  തയ്യാറെടുക്കുന്ന പുതുതലമുറ കൂവാൻ മറന്നു. പ്രോത്സാഹനങ്ങളും വിയോജിപ്പുകളും വർത്തമാനത്തിന്റെ തെളിവുകളും സംസ്കാരങ്ങൾക്കൊപ്പം കുഴിച്ചുമൂടി നന്നായി ഭക്ഷണം കഴിക്കുന്ന ഒന്നാന്തരം

വളർത്തു പന്നികളായി, ഏതുറക്കത്തിലും ഉത്തരങ്ങൾ വിളിച്ചോതുന്ന നല്ല കുട്ടികളായി

ഇന്ന് നാം മന:പ്പൂർവ്വം മറക്കുന്നത് ഉറക്കെ കൂവാനാണ്, പ്രതികരിക്കാനാണ്, ചോദ്യങ്ങൾ തൊടുക്കാനാണ്. കൂവാൻ സമയമില്ലെന്ന് പറഞ്ഞ് കൂർത്ത, എരിവുള്ള മുള്ളുകളെ വിഴുങ്ങാൻ ഞങ്ങൾ ഒരുക്കമല്ല. അതുകൊണ്ട് തന്നെ കഴിഞ്ഞ അമ്പതാണ്ടിലെ വിദ്യാഭ്യാസ നയങ്ങളെ, സമ്പ്രദായങ്ങളെ കൂവി വരവേല്കുന്നു കൂവിതോല്പിക്കുന്നു. മലയാളനാട്ടിൽ ഞങ്ങൾ ജീവിച്ചതിന്റെ തെളിവുകളാണ് കൂവലുകൾ, നന്നായതിനെ പ്രശംസിച്ചും മോശമായവയോട് കലിപ്പു കാണിച്ചും ഉറക്കെ കൂവാൻ നമ്മൾ ഇവിടെത്തന്നെയുണ്ടാകണം ഒരു കാലവും ഒരു യുഗവും കൂവിത്തീർക്കേണ്ടതുണ്ട്.

ഇല്ല പോരാ

കൂവലിനു ശക്തി പോരാ

ഇനിയുമുറക്കെ, ദിക്കുകൾപൊട്ടട്ടെ,

ചങ്ങലകൾ തകരട്ടെ,

ഉറക്കം നടിക്കാത്തവരാരെങ്കിലുമുണ്ടെങ്കിൽ ഉണരട്ടെ,

കെട്ടുകൾ പൊട്ടട്ടെ,

**രാജാവിന്റെ നഗ്നത** ഓർത്തോർത്ത്

**ചിരിക്കാനുള്ളതല്ല,**

**കൂവിത്തീർക്കാനുള്ളതാണ്.**

മേലാള വിധേയത്വത്തോടെയുള്ള ഗുമസ്ഥന്മാരെ (ഐടി ഗുമസ്ഥന്മാർ,ബി.പി.ഒ) സൃഷ്ടിക്കുന്നതിനുവേണ്ടി ചോദ്യം ചോദിക്കാത്ത തലമുറയെ വാർത്തെടുക്കുന്ന ക്ലാസ് മുറികളിൽ നിന്ന് നമുക്ക് കൂക്കിത്തുടങ്ങാം.

ഫെബിന
മലയാളം, രണ്ടാംവർഷം

മേലാള വിധേയത്വത്തോടെയുള്ള ഗുമസ്ഥന്മാരെ (ഐടി ഗുമസ്ഥന്മാർ,ബി.പി.ഒ) സൃഷ്ടിക്കുന്നതിനുവേണ്ടി ചോദ്യം ചോദിക്കാത്ത തലമുറയെ വാർത്തെടുക്കുന്ന ക്ലാസ് മുറികളിൽ നിന്ന് നമുക്ക് കൂക്കിത്തുടങ്ങാം.

# മരച്ചെരിപ്പുമരം

വിഖ്യാത ഇറ്റാലിയൻ ചലച്ചിത്രകാരനായ പാമിറോഓൽമിയുടെ ഭാവഗീത സദൃശമായ ഒരു സിനിമയുണ്ട്. മരച്ചെരിപ്പുമരം (Tree of wooden clogs) എന്നാണ് ഇതിന്റെ പേര്. വിദ്യാഭ്യാസം നേടാൻ ഭാഗ്യം ലഭിക്കാതെ പോയ അച്ചനമ്മമാർ തങ്ങൾക്ക് ലഭിക്കാതിരുന്നത് മകന് നൽകാൻ കഴിയുമോ എന്ന് ചിന്തിക്കുന്നു. വികാരിയച്ചന്റെ അനുമതിയോടെ അവർ മകനെ സ്ക്കൂളിൽ ചേർത്തു. കുറച്ചകലെ മാത്രമേ സ്ക്കൂൾ ഉണ്ടായിരുന്നുള്ളൂ. ദരിദ്ര കുടികിടപ്പുകാരായ അവർക്ക് മകന്റെ വിദ്യാഭ്യാസ കാര്യങ്ങൾ നോക്കാൻ നന്നേ ബുദ്ധിമുട്ടേണ്ടി വന്നു. സ്ക്കൂളിൽ ചെല്ലുന്നവർ ചെരിപ്പഴിക്കണമെന്ന് നിർബന്ധമാണ്. മെതിയടി പോലുള്ള ഒരു മരച്ചെരിപ്പാണ് മകന് ഉണ്ടായിരുന്നത്. എന്നാൽ ഒരു



ദിനം അത് നഷ്ടപ്പെട്ടു. തനിക്കൊരു കുഞ്ഞനിയൻ പിറന്ന ആഹ്ലാദത്തിന്റെ പശ്ചാത്തലത്തിലാണ് അവന് ആ നഷ്ടം ഉണ്ടായത്. ചെരിപ്പില്ലാതെ സ്ക്കൂളിൽ ചെല്ലാനാവാത്തതിനാൽ എന്ത് ചെയ്യണമെന്നറിയാതെ ആ കുടുംബം നൊന്തു.


കുടികിടപ്പിന്റെ അരികിൽ അവർ നട്ടു വളർത്തിയ ഒരു മരത്തിൽ നിന്നും ഒരു തുണ്ടു തടി മുറിച്ചെടുത്ത് രാത്രിയുടെ മറവിൽ അയാൾ ഒരു മരച്ചെരിപ്പുണ്ടാക്കി. മകൻ പഠിച്ച് വലുതാവണമെന്ന ഉൽക്കടമായ ആഗ്രഹം മൂലം പുത്ര സ്നേഹിയായ ആ അച്ഛൻ അങ്ങനെ ഒരു കള്ളം ചെയ്തു. താൻ നട്ടുവളർത്തിയതാണെങ്കിലും ജന്മിയുടെ പുരയിടത്തിലെ മരമാണല്ലോ മുറിച്ചത്. അടുത്ത പ്രഭാതത്തിൽ വിവര മറിഞ്ഞ ജന്മി ആ കുടുംബത്തെ അവിടെ നിന്നും കുടിയിറക്കി വിടുന്നു. എല്ലാ സ്വപ്നങ്ങളും തകർന്ന് ലക്ഷ്യമറിയാതെ കെട്ടും ഭാണ്ഡവുമായി നടന്നു നീങ്ങുന്ന ആ നിർഭാഗ്യ കുടുംബത്തിന്റെ വിദൂര ദൃശ്യത്തോടെ മരച്ചെരിപ്പു മരമെന്ന ആ ചലച്ചിത്ര കാവ്യം അവസാനിക്കുന്നു.

പഠിക്കാനുള്ള അവകാശവും ഒരാളുടെ ജീവിത ചുറ്റുപാടുകളുമായുള്ള ബന്ധവും ഈ സിനിമ കാണുന്നവർക്ക് ആലോചിക്കാതിരിക്കുവാൻ കഴിയുകയില്ല. ഭാഗ്യ നിർഭാഗ്യങ്ങളോ ദൈവഹിതമോ അല്ല ഭൗതിക ജീവിത സാഹചര്യമാണ് പഠിക്കാനുള്ള ഒരാളുടെ ആഗ്രഹ നിവൃത്തിയിൽ നിർണ്ണായക ഘടകമായിരിക്കുന്നത്. കേരളത്തിലെ ഭൂപരിഷ്ക്കരണവും അതിന് മുമ്പ് നടന്ന നവോത്ഥാന പ്രവർത്തനങ്ങളുടെയും ഫലമായുള്ള സാമൂഹ്യ മാറ്റങ്ങളും, പല കാരണങ്ങളാലും രാജവാഴ്ചക്കാലം മുതൽ ഭരണാധികാരികൾ എടുത്ത നടപടികളും വിദ്യാഭ്യാസത്തിന്റെ രൂപ ഭാവങ്ങളിലും അതിന്റെ ലഭ്യതയിലും ചെലുത്തിയ സ്വാധീനം സുപ്രധാനമാണ്.


ചരിത്രത്തിൽ സർവ്വ മേഖലകളിലും ഉണ്ടായ നവീന



മാറ്റങ്ങളും നേട്ടങ്ങളും റദ്ദാക്കാനും പിന്നോക്കം തിരിക്കാനുമുള്ള ചില പ്രവണതകൾക്കാണ് ഇന്നത്തെ ലോകത്തിൽ പ്രമാണികത ലഭിച്ചിരിക്കുന്നത് എന്ന കാര്യം ഈ പശ്ചാതലത്തിലാണ് പരിശോധിക്കേണ്ടത്. പദങ്ങളുടേയും പ്രയോഗങ്ങളുടേയും അർത്ഥമെന്തെന്നറിയാൻ സാധാരണ മനുഷ്യൻ ക്ലേശിക്കുന്ന സാഹചര്യം മാത്രമല്ല സാധാരണ മനുഷ്യ ജീവിതം തന്നെ ക്ലേശകരമാക്കുന്ന അവസ്ഥയാണ് സൃഷ്ടിക്കപ്പെടുന്നത്. ഉദാരീകരണം (Leberalisation), സ്വകാര്യ വൽക്കരണം (Privatisation), ആഗോളീകരണം (Globalisation) എന്നീ ത്രിമുഖാക്രമണത്തിലൂടെ യഥാർത്ഥത്തിൽ രണ്ടു കാര്യങ്ങളാണ് സംഭവിക്കുന്നത്. സാമ്രാജിത്വത്തിന്റെ നഗ്നമായ രാഷ്ട്രീയ- സൈനിക- സാമ്പത്തിക മേധാവിത്വവും ചൂഷണവുമാണ് കൊളോണിയലിസത്തിന്റെ രൂപത്തിൽ നിലവിലുണ്ടായിരുന്ന പ്രഥമ ആഗോളീകരണം. അത് ദേശീയ വിമോചന പ്രസ്ഥാനങ്ങളുടെ ത്യാഗോജ്ജ്വലമായ സമരങ്ങളിലൂടെ പരാജയപ്പെടുത്തിയതിന്റെ പ്രത്യാഘാതമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി പ്രച്ഛന്നവും പരോക്ഷവുമായ നവകൊളോണിയൽ ചൂഷണവും ആധിപത്യവും, അന്താരാഷ്ട്ര നാണയ നിധി (IMF) ലോകബാങ്ക്, ലോകവ്യാപാര സംഘടന തുടങ്ങിയ സാമ്രാജ്യത്വ നിയന്ത്രിത സ്ഥാപനങ്ങളിലൂടെ സ്ഥാപന വത്കരിക്കുകയാണ് ഒന്ന്. രാഷ്ട്രീയമായ ഏകധ്രുവ ലോകമെന്ന സങ്കൽപവും ഇതിന്റെ ഭാഗമായി പ്രാബല്യം നേടുന്നുണ്ട്. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവാനന്തരം അതിന്റെ സ്വാധീനഫലമായിക്കൂടി സാമൂഹ്യ നീതിയും സമത്വവും സംബന്ധിച്ചും, അദ്ധ്വാനിക്കുന്നവരുടെ ക്ഷേമവും സുരക്ഷിതത്വവും സംബന്ധിച്ചും ചൂഷണ വ്യവസ്ഥ നിലനിൽക്കുന്ന രാജ്യങ്ങളിൽ പോലും ഘട്ടം ഘട്ടമായി കൊണ്ടുവന്ന പുന:ക്രമീകരണങ്ങളും ക്ഷേമ സംവിധാനങ്ങളും പൊളിച്ചുമാറ്റി. കമ്പോള ശക്തികളുടെ ദയാദാക്ഷിണ്യമില്ലായ്മക്കുമുന്നിലേക്ക് പണിയെടുക്കുന്നവരേയും പണിയില്ലാത്തവരേയും കർഷകരേയും കർഷകതൊഴിലാളികളേയും സ്ത്രീകളേയും മറ്റും വലിച്ചെറിയുക എന്നതാണ് രണ്ടാമത്തേത്.



സാമ്രാജ്യത്വം മുന്നോട്ടു വച്ച പുതിയ സാമ്പത്തിക പരിഷ്ക്കാരങ്ങൾ യഥാർത്ഥത്തിൽ പഴയ കൊളോണിയലിസത്തിന്റെ പുതിയ അവതാരം മാത്രമാണെന്നും കുറച്ചുകൂടി നീതി പൂർവ്വമായ രാഷ്ട്ര ബന്ധങ്ങളും മനുഷ്യ ബന്ധങ്ങളും ഇല്ലാതാക്കി, ഏതു മാർഗത്തിലൂടെയും കൂടുതൽ ലാഭവും നേട്ടവും ഉണ്ടാക്കുക എന്നത് മനുഷ്യത്വരാഹിത്യമാണെന്നും നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. അത്തരമൊരു തിരിച്ചറിവിൽ നിന്നാകണം ഉത്തരാധുനിക കേരള വിദ്യാർത്ഥി സമൂഹം പ്രതികരിച്ചു തുടങ്ങേണ്ടത്. പ്രതികരിക്കാൻ മറന്നു തുടങ്ങുന്ന സമൂഹത്തെ വിളിച്ചുണർത്തി കണ്ണട തിരുകേണ്ടത് വിദ്യാർത്ഥികളുടെ കടമയാണ്. ജീവിക്കുന്നതിന്റെ തെളിവു തന്നെ പ്രതികരണങ്ങളാണ്, ചോദ്യങ്ങളാണെന്ന് നാം പഠിച്ചു വരണം. ഇനിയും ഞരക്കങ്ങൾ മാത്രമായി ഒതുങ്ങി നിന്നാൽ ചരിത്രം നമ്മെ കുറ്റക്കാരെന്ന് മുദ്രകുത്തും. മേലാള വിധേയത്വത്തോടെയുള്ള ഗുമസ്ഥന്മാരെ (ഐടി ഗുമസ്ഥന്മാർ, BPO) സൃഷ്ടിക്കുന്നതിനുവേണ്ടി ചോദ്യം ചോദിക്കാത്ത തലമുറയെ വാർത്തെടുക്കുന്ന ക്ലാസ് മുറികളിൽ നിന്ന് നമുക്ക് കൂക്കിത്തുടങ്ങാം.



രാഷ്ട്രപുരോഗതിക്ക് രാഷ്ട്ര താല്പര്യം കാത്തു സൂക്ഷിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങളും നയങ്ങളും കൂടിയേ തീരൂ

# നിശബ്ദമായ അലർച്ചയുടെ പശ്ചാത്തലത്തിൽ...

വിഖ്യാത വിദ്യാഭ്യാസ ചിന്തകൾ പൗലൊ ഫ്രയറിന്റെ അഭിപ്രായത്തിൽ വിമോചനത്തിലേക്ക് നയിക്കുന്ന സംസ്കാരിക പ്രവർത്തനമാണ് വിദ്യാഭ്യാസം. സമൂഹത്തിലും സംസ്കാരത്തിലും വിദ്യാഭ്യാസത്തിനുള്ള മൂല്യം ഈ അഭിപ്രായത്തിൽ നിന്നും വായിച്ചെടുക്കാവുന്നതാണ്. വെറുമൊരു Police state ൽ (ക്രമസമാധാന രാഷ്ട്രം) നിന്നും Welfare state (ക്ഷേമ രാഷ്ട്രം) ലേക്ക് രാജ്യത്തെ സംസ്കരിച്ചെടുക്കുന്നത് വിദ്യാഭ്യാസമാണ്. അതുകൊണ്ടു തന്നെ രാഷ്ട്രപുരോഗതിക്ക് രാഷ്ട്ര താല്പര്യം കാത്തു സൂക്ഷിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങളും നയങ്ങളും കൂടിയേ തീരൂ. എന്നാൽ ആഗോള സാമ്രാജ്വത്വ ഭീകരന്മാരും യുനൈറ്റഡ് നാഷൻസും (യുണൈറ്റഡ് കോർപറേഷൻ) ലോക ക്രമത്തിലെ വിദ്യാഭ്യാസ നയങ്ങളേയും ദേശീയ നയങ്ങളേയും എപ്രകാരം സ്വാധീനിക്കുന്നുവെന്ന മാറി-മാറി

പുറപ്പെടുവിക്കുന്ന ഗവർമെന്റ് നയങ്ങളിൽ നിന്നും കോടതി വിധികളിൽ നിന്നും നമുക്ക് വായിച്ചെടുക്കാം.


**വിധി വൈപര്യങ്ങൾ**

മണിപ്പാലിലെ പൈ കോളേജുകളുടെ മാതൃക തമിഴ്നാട്ടിലും ആന്ധ്രയിലും കർണ്ണാടകയിലും വ്യാപകമായപ്പോഴാണ് അവയെ നിയന്ത്രിക്കാൻ സംസ്ഥാനങ്ങൾ നിയമങ്ങളുണ്ടാക്കിയത്. ഈ നിയമങ്ങൾ കോടതികളിൽ ചോദ്യം ചെയ്യപ്പെട്ടു. അവയിൽ ചിലതിനെ താഴെ വിശകലനം ചെയ്യുന്നു.

1. ഉണ്ണികൃഷ്ണൻ Vs ആന്ധ്രാ ഗവൺമെന്റ് കേസ് (1993 ISSC 649)

ഇന്ത്യയിൽ സ്വകാര്യ സ്വാശ്രയ കോളേജുകൾക്ക് മാന്യതയും നിയമപരമായ അംഗീകാരവും നൽകിയത് ഒരർത്ഥത്തിൽ ഉണ്ണികൃഷ്ണൻ കേസിലെ ഏഴംഗ സുപ്രീംകോടതി ബെഞ്ചിന്റെ വിധിയാണ്. ഭരണ ഘടനയുടെ 21 ാം അനുഛേദമായ 'ജീവിക്കാനുള്ള അവകാശത്തി' ന്റെ പരിധിയിൽ വിദ്യാഭ്യാസം ലഭിക്കാനുള്ള അവകാശവും ഉൾപ്പെടുമെന്ന മോഹിനി ജെയിൻ Vs ആന്ധ്രാ ഗവൺമെന്റ് (1992 SC 767) കേസിലെ വിധിയുടെ ചുവടുപിടിച്ചാണ് സുപ്രീം കോടതി ഉണ്ണികൃഷ്ണൻ കേസിൽ വിധി പറഞ്ഞത്. പ്രാഥമിക വിദ്യഭ്യാസം പൗരന്റെ മൗലിക അവകാശമാണെങ്കിലും ഉന്നത വിദ്യാഭ്യാസം യോഗ്യത (മെറിറ്റ്) യുടെ അടിസ്ഥാനത്തിൽ നിജപ്പെടുത്താനുള്ള അവകാശം സർക്കാറിനുണ്ടെന്ന് അഭി

ഭരണ ഘടനയുടെ 21 ാം അനുഛേദമായ 'ജീവിക്കാനുള്ള അവകാശത്തി' ന്റെ പരിധിയിൽ വിദ്യാഭ്യാസം ലഭിക്കാനുള്ള അവകാശവും ഉൾപ്പെടുന്നു



പ്രായപ്പെട്ട കോടതി സർക്കാരിന് ആവശ്യമായ ഉന്നത വിദ്യാഭ്യാസ സീറ്റുകൾ നൽകാൻ കഴിയുന്നില്ലെങ്കിൽ അൺ എയ്ഡഡ് കോളേജുകൾ ആകാമെന്ന് അംഗീകരിച്ചു. അവയുടെ ചിലവിനാവിശ്യമായ ഫീസുകൾ പിരിക്കാനുള്ള അനുമതിയും നൽകി. അതേസമയം തന്നെ വിദ്യാഭ്യാസം ഒരു ചാരിറ്റബിൾ ആക്റ്റിവിറ്റി ആണെന്നും അതിനാൽ കച്ചവടം പാടില്ലെന്നും കോടതി നിഷ്കർഷിച്ചു. ഇതിനായി സർക്കാർ പ്രവേശന ലിസ്റ്റിൽ നിന്നു തന്നെ പ്രവേശനം നടത്തണമെന്നും ഭരണ ഘടനാപരമായ സംവരണങ്ങൾ പാലിക്കണമെന്നും കോടതി നിർദ്ദേശിച്ചു.

എന്നാൽ അത്തരമൊരു വിദ്യാഭ്യാസ നിയമം നിലവിലില്ലാത്തതിനാൽ ഈ വാദഗതികൾ അംഗീകരിക്കപ്പെടുന്നതിനായി കോടതി തന്നെ മുന്നോട്ടുവച്ച ഫോർമുലയായിരുന്നു. 50 ശതമാനം പേയ്മെന്റ് സീറ്റ് എന്ന ഘടന. രണ്ട് സ്വാശ്രയ കോളേജുകൾ സമം ഒരു സർക്കാർ കോളേജ് എന്ന സമവാക്യം ഇങ്ങനെയാണ് ഉണ്ടായത്.

### 2. ടി.എം.എ പൈ Vs കർണ്ണാടക ഗവൺമെന്റ് (2002 8 SCC 81)

മത-ഭാഷാ ന്യൂനപക്ഷങ്ങളുടെ ഭരണ ഘടനാപരമായ അവകാശങ്ങൾ ഹനിക്കപ്പെടുന്നു എന്ന പരാതിയെ തുടർന്നാണ് ഉണ്ണികൃഷ്ണൻ കേസിലെ വിധി ചോദ്യം ചെയ്യപ്പെടുന്നത്. മണിപ്പാലിൽ കോഴകോളേജുകളിലൂടെ കോടികൾ സമ്പാദിച്ച പൈമാർ തന്നെയാണ് തങ്ങളുടെ ന്യൂനപക്ഷ അവകാശങ്ങൾ ഹനിക്കപ്പെടുന്നു എന്ന പരാ

വിദ്യാഭ്യാസം ഒരു ചാരിറ്റബിൾ ആക്റ്റിവിറ്റി ആണെന്നും അതിനാൽ കച്ചവടം പാടില്ലെന്നും കോടതി

തിയുമായി കോടതിയിലെത്തിയത്. 30 വർഷത്തിനുള്ളിൽ ആദ്യമായി 11 ജഡ്ജിമാരടങ്ങുന്ന ഒരു ബെഞ്ചിനെ രൂപീകരിച്ച് കോടതി കേസ് 'വിശദമായി' പഠിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഉണ്ണികൃഷ്ണൻ കേസിലെ ഏഴംഗ ബെഞ്ചിന്റെ വിധി ഭരണ ഘടനാ വിരുദ്ധമാണെന്നും കോളേജ് നടത്തിപ്പ് ഒരു ബിസിനസ്സാകാമെന്നും സുപ്രീംകോടതി വിധിച്ചു.

റാങ്ക് ലിസ്റ്റിൽ ആദ്യ റാങ്ക് കയ്യടക്കുന്നത് ട്യൂഷനും മറ്റു സാഹചര്യങ്ങളും ഉള്ള സമ്പന്ന വിഭാഗമാണെന്നും റാങ്ക് ലിസ്റ്റിൽ താഴെ തട്ടിലുള്ള ദരിദ്രരുടെ കാശുപയോഗിച്ച് 50 ശതമാനം ഫ്രീസീറ്റിൽ സമ്പന്നർ പഠിക്കുന്നത് ഭരണഘടനാപരമായി തെറ്റാണെന്നും കോടതി കണ്ടെത്തി. ഇതൊഴിവാക്കാനായി ക്രോസ് സബ്സിഡി ഒഴിവാക്കിക്കൊണ്ട് എല്ലാ സീറ്റിലും ഒരേ ഫീസ് ഏർപ്പെടുത്തി. തലവേദന മാറ്റാൻ തലവെട്ടുന്നതുപോലുള്ള സുപ്രീംകോടതിയുടെ ഈ വിധിയിൽ ഒരിടത്തുപോലും ഉണ്ണികൃഷ്ണൻ കേസിന്റെ വിധിയിൽ കണ്ടതുപോലുള്ള സാമൂഹിക നീതിയോ സമത്വത്തെയോ കുറിച്ചുള്ള പരാമർശങ്ങൾ പോലും കാണാൻ കഴിയില്ല.

ഉണ്ണികൃഷ്ണൻ കേസിലെ വിധിക്കുശേഷം 10 വർഷം കഴിഞ്ഞപ്പോഴേക്കും കോടതിയുടെ നിലപാടിൽപോലും വന്ന മാറ്റങ്ങൾ ശ്രദ്ധേയമാണ്. വിധിന്യായത്തിന്റെ 49-ാം ഖണ്ഡികയിൽ ഇപ്രകാരം പറയുന്നു. "അക്കാദമിക ബിരുദം സമൂഹത്തിന്റെ നന്മയ്ക്കുതകുന്ന ഒരു സമ്പത്ത് അല്ലെന്നും അത് സ്വന്തം ഗുണത്തിനുമാത്രം ഉതകുന്ന സ്വകാര്യസ്വത്താണെന്നും ഉള്ള ആശയം ഇന്ന് വ്യാപകമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു." വിദ്യാഭ്യാസം ഒരു സാമൂഹ്യ നന്മ എന്ന കാഴ്ചപ്പാടിൽ നിന്നും ഉപജീവനത്തിനുമാത്രമുള്ള ഒരു മാർഗ്ഗം എന്ന കാഴ്ച്ചപ്പാടിലേക്ക് കോടതികൾ പോലും മാറുന്ന കാഴ്ച ഭീതിദമാണ്. വിധിയുടെ 70-ാം ഖണ്ഡികയിൽ കോടതി ആശയപരമായ ഒരു വിഡ്ഢിത്തം വിളമ്പുന്നു. "പ്രൊഫഷണൽ വിദ്യാഭ്യാസം തേടുന്നവർ അതിന്റെ ചിലവു വഹിക്കണമെന്നുള്ളത് ലോകമെങ്ങുമുള്ള രീതിയാണ്" എന്നാൽ യഥാർത്ഥ വസ്തുത താഴെ കൊടുത്ത പട്ടിക ശ്രദ്ധിച്ചാൽ മനസ്സിലാകും.

തെളിവുകളുടെ അടിസ്ഥാനത്തിൽ നിഗമനത്തിലെത്തേണ്ട കോടതി വിധിയുടെ 61- ാം ഖണ്ഡികയിൽ തികച്ചും ഉപരിപ്ലവമായ മറ്റൊരു പരാമർശവും നടത്തി. "സ്വകാര്യ വിദ്യാലയങ്ങളിലെ പരീക്ഷാഫലങ്ങൾ സർക്കാർ സ്ഥാപനങ്ങളിലേതിനേ



അക്കാദമിക ബിരുദം സമൂഹത്തിന്റെ നന്മയ്ക്കുതകുന്ന ഒരു സമ്പത്ത് അല്ലെന്നും അത് സ്വന്തം ഗുണത്തിനുമാത്രം ഉതകുന്ന സ്വകാര്യസ്വത്താണെന്നും ഉള്ള ആശയം ഇന്ന് വ്യാപകമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു



ക്കാൾ എത്രയോ കേമമാണ്." ആരെ സഹായിക്കാനാണ് ഐ.ഐ.ടി. കളെയും എ.ഐ.ഐ.എം.എസ് പോലുള്ള സ്ഥാപനങ്ങളെയും മറന്ന് ഇത്തരം ഒരു പരാമർശം നടത്തിയതെന്ന് വ്യക്തം.

**3. ഇസ്ലാമിക് അക്കാദമി Vs കർണ്ണാടക ഗവൺമെന്റ് (2003 6CC697)**

ടി.എം.എ പൈ കേസിന്റെ വിധിയെത്തുടർന്ന് പല സംസ്ഥാനങ്ങളിലും വളരെ വ്യത്യസ്തവും അനുപൂരകവുമായ ചട്ടങ്ങളും നിയമങ്ങളും വന്നതോടെ കേസ് വീണ്ടും കോടതിയിലെത്തി. ഇതിനെത്തുടർന്ന് ചീഫ് ജസ്റ്റിസ് വി.എൻ. ഖരെയുടെ നേതൃത്വത്തിൽ അഞ്ചംഗ ഭരണഘടനാ ബെഞ്ച് രൂപീകരിക്കപ്പെട്ടു. ഈ അഞ്ചംഗ ബെഞ്ചിന്റെ വിധി ഓരോ ന്യൂനപക്ഷ സ്ഥാപനത്തിനും ഫീസ് ഘടന സ്വയം നിർണ്ണയിക്കാൻ അവകാശമുണ്ടെങ്കിലും ലാഭമുണ്ടാക്കാനോ ക്യാപ്പിറ്റേഷൻ ഫീസ് ഈടാക്കാനോ അവർക്കധികാരമില്ലെന്ന് ചൂണ്ടിക്കാട്ടി. പ്രാദേശിക ഘടനക്കനുസരിച്ച് സീറ്റുകൾ നൽകുന്നതിലും സർക്കാർ മാനേജ്മെന്റ് ക്വാട്ടകൾ നിർണ്ണിയിക്കുന്നതിലും സർക്കാരിന് അവകാശമുണ്ടെന്നും സ്വകാര്യ സ്വാശ്രയ കോളേജ് അസ്സോസിയേഷനുകൾ നടത്തുന്ന പരീക്ഷകൾ സുതാര്യവും കുറ്റമറ്റതുമാക്കാൻ ഒരു കമ്മറ്റിയെ സർക്കാർ നിയമിക്കണമെന്നും നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ജസ്റ്റിസ് കെ.ടി. തോമസ് കമ്മീഷനെ സർക്കാർ നിയമിച്ചത്. ജസ്റ്റിസ് കെ.ടി. തോമസ് കമ്മീഷൻ മുന്നോട്ട് വെച്ച ഘടന ഇപ്രകാരമായിരുന്നു.

| | | |
|---|---|---|
| എഞ്ചിനീയറിംഗ് | - | പ്രതി വർഷം 38,700.00 |
| മെഡിക്കൽ | - | പ്രതി വർഷം 1,13,000.00 |

**4. ഇനാം ദാർ Vs മഹാരാഷ്ട്ര ഗവൺമെന്റ് (12-08-2005)**

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുമായി ബന്ധപ്പെട്ട കോടതി വിധികളിൽ ഒടുവിലത്തേതായിരുന്നു 12.08.05ന് പുറത്ത് വന്ന ഇനാം ദാർ കേസിലെ സുപ്രീംകോടതി വിധി. മോഹിനി ജെയിൻ കേസിൽ



നിന്നും ഇനാംദാർ കേസിലെത്തിയപ്പോഴേക്കും കോടതിയുടെ ജന പക്ഷ നിലപാടിലുണ്ടായ തിരിച്ചു പോക്ക് സുവ്യക്തമായി. ഇനാംദാർ കേസിലെ വിധിപ്രകാരം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ സംവരണ നയം നടപ്പാക്കാനോ ആകെ സീറ്റുകളിൽ നിശ്ചിത ക്വാട്ട അവകാശപ്പെടാനോ സർക്കാരിന് അവകാശമില്ലെന്ന് വിധിച്ചു. വിധി പ്രകാരം മൊത്തം സീറ്റിന്റെ 15 ശതമാനം വിദേശ ഇന്ത്യക്കാരുടെ മക്കൾക്കായി നീക്കിവെക്കണം. എൻ.ആർ.ഐ. സീറ്റുകളിൽ നിന്ന് ലഭിക്കുന്ന പണം സാമൂഹികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥി കളുടെ ക്ഷേമത്തിനായി വിനിയോഗിക്കണം. ന്യൂനപക്ഷ ഭൂരിപക്ഷ ഭേദമില്ലാതെ എല്ലാ സ്ഥാപനങ്ങൾക്കും ഈ വിധി ബാധകമായിരി ക്കുമെന്നും കോടതി സൂചിപ്പിച്ചു. ഈ വിധിയിയിലൂടെ ന്യൂനപക്ഷ ങ്ങൾ നടത്തുന്ന അൺ എയ്ഡഡ് സ്വാശ്രയ സ്ഥാപനങ്ങൾക്ക് അവ രുടെ ഇഷ്ട പ്രകാരം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാം എന്ന നില വന്നു. ഇനാംദാർ കേസിലെ വിധിയോടെ കേരള സർക്കാർ 1994 ൽ പാസ്സാക്കിയ സ്വാശ്രയ സംവരണം നിയമം അസാധുവായി.

1994 ലെ WTO രൂപീകരണത്തിന് ശേഷം ദേശീയ വിദ്യാഭ്യാസ നയത്തിൽ വന്ന മാറ്റം മേൽ വിവരിച്ച വിധികളിൽ നിന്നും നമുക്ക് മനസ്സിലാക്കാം. ലോകക്രമത്തിലൊരിടെത്തും ഉന്നത വിദ്യാഭ്യാസ ത്തിനോ കച്ചവടത്തിനോപോലും വിദ്യാർത്ഥികളിൽ / ഗുണഭോക്താ ക്കളിൽ നിന്നും 'വില' ഫീസുരൂപത്തിൽ ഉണഅടാക്കുന്നില്ലെന്ന 1993 ലെ ജസ്റ്റിസ് പുന്നയ്യ കമ്മീഷന്റെ റിപ്പോർട്ട് ഒരു തലയിണയാക്കി വെച്ച് നമുക്ക് കിടന്നുറങ്ങാം. അല്ലെങ്കിൽ ആർത്ത് കൂകാം- കൂയ്.........



ശ്രീനാഥ്
എം.സി.ജെ

# പുതുജീവിതം അഥവാ വാക്കുകളുടെ അട്ടിമറി

പ്രസിദ്ധീകരണങ്ങളുടെ ആധിക്യം മലയാള സാഹിത്യത്തെ സംബന്ധിച്ച് ഗുണകരമാണോ എന്നതിനെ കുറിച്ച് തർക്കം നില നിൽക്കുന്നുണ്ട്. ശ്രദ്ധേയമായ രചനകളിലൂടെ വായനക്കാരിൽ അത്ഭുതം സൃഷ്ടിക്കാൻ കെൽപ്പുള്ള എഴുത്തുകാർ മലയാളത്തിൽ വളരെ കുറവാണ്. ഈയൊരു പശ്ചാത്തലത്തിലാണ് എഴുത്തിലും കാഴ്ചപ്പാടിലും ഏറെ വ്യത്യസ്തത പുലർത്തുന്ന ശൈലൻ എന്ന യുവകവിയുടെ 'നിഷ്ക്കാസിതന്റെ ഈസ്റ്റർ' എന്ന കവിതാ സമാഹാരം പ്രമേയത്തിന്റെ പുതുമ കൊണ്ട് അനുവാചക ശ്രദ്ധ പിടിച്ചു പറ്റുന്നത്.

ഓർമ്മകളെ തിരയെണ്ണാനേൽപ്പിച്ച് ഉപ്പുവെള്ളത്തിൽ സ്വയംഹത്യ ചെയ്ത 'അവൾക്കാണ്' ശൈലൻ തന്റെ കവിതകൾ സമർപ്പിച്ചിട്ടുള്ളത്. ഉപാധികളില്ലാത്ത പ്രണയത്തിന്റെ രക്തസാക്ഷിത്വം സ്വീകരിച്ച താനിപ്പോൾ ഇരകളെത്തേടുന്ന കാമുകൻ മാത്രമായി രൂപാന്തരപ്പെട്ടിരിക്കുന്നു. വാൻ ഗോഗ് എന്ന പെരുങ്കാമുകന്റെ പരമ്പരയിലെ കണ്ണിയായവന്, 'നിന്റെ സൂര്യകാന്തിപ്പാടങ്ങളിൽ ഇപ്പോഴും പൊങ്ങി നിൽക്കുന്ന വലത്തേ കാതിന്റെ ഫോട്ടോസ്റ്റാറ്റ് ഇപ്പോൾ ഏത് മരക്കോന്തന്റേതാണ്' എന്നന്വേഷിക്കേണ്ടി വരുന്നത് നമ്മുടെ കാലത്തിന്റെ ക്രൗര്യം ഒന്നുകൊണ്ടു മാത്രമാണെന്ന് ഇദ്ദേഹം തിരിച്ചറിയുന്നു. "ഏത് ഇഴ ജന്തുവിന്റെ വിദൂരസ്വപ്നങ്ങളിലാണ് ഒരു കാർഗിലോ സിയാച്ചിനോ ഇല്ലാത്തത് എന്നെഴുതുമ്പോൾ സമൂഹികവും രാഷ്ട്രീയവുമായ ചില മാനങ്ങളിലേക്ക് കൂടി ഈ കവിതകൾ വ്യാപിക്കുന്നുണ്ട്.

"സർക്കാരേ, നീയും ഞാനും തമ്മിലെന്ത്?" എന്ന് നെടുവീർപ്പെടുന്നവൻ സർക്കാറിന്റെ എല്ലാ ആനുകൂല്യങ്ങളും പറ്റിക്കൊണ്ട് തിരിച്ച് യാതൊരു ബാധ്യതയുമില്ലാതെ കഴിയുന്നവനോ, ഭരണകൂടത്തിൽ നിന്നും നീതി ലഭിക്കാതെ ഹതഭാഗ്യനായിത്തീർന്ന ഒരുവനോ, അങ്ങനെ നമുക്കിടയിലെ ആരുമാകാമെന്ന് ശൈലൻ പറയുന്നു.

വാക്കുകളുടെ assembling മാത്രമാണ് കവിതയിൽ നിർവഹിക്കുന്നതെന്നും വി.കെ. എന്നിന്റെയും മേതിൽ രാധാകൃഷ്ണന്റെയും

രചനാ രീതികളെ നിരീക്ഷിച്ചിരുന്ന താൻ അട്ടിമറി പ്രയോഗങ്ങളിലൂടെ വായനക്കാരനെ ഞെട്ടിക്കാനാണ് ഇഷ്ടപ്പെടുന്നതെന്നും കവി പറയുന്നു.

'മഹാസമുദ്രങ്ങളിൽ ഞാനിനിയെന്തിനു വിശ്വസിക്കണം

അധിനിവേശങ്ങൾ ആകാശ മലയിടുക്കുകൾ തുരന്നുമാവാമല്ലോ

'നക്സ-Light' എന്ന കവിതയിൽ 'ഓർമ്മകളെ കുറിച്ചെഴുതുമ്പോൾ ആത്മാവിന്റെ spacing ഉം വിജൃംഭണങ്ങൾ നിർത്തിവെച്ച Layout ഉം പ്രധാനമെന്ന് എഴുതുന്നു. ഭൂതകാലത്തിന്റെ സമ്പന്ന സമൃതിയിൽ പുതിയ കാലത്തിന്റെ വിപണിയിൽ നിരത്തിവെച്ച് സാംസ്ക്കാരിക ജാഡകളിൽ അഭിരമിക്കുന്നവനോടുള്ള പരിഹാസം ശൈലൻ മറച്ചുവെക്കുന്നതേയില്ല. ഉദാരവൽക്കരണത്തിന്റെ ഉദാരതകളെ നെഞ്ചേറ്റികൊണ്ട് മറകളൊന്നും കൂടാതെ ആക്ഷേപഹാസ്യത്തിന്റെ അകമ്പടിയോടെ സമകാലിക ജീവിതത്തെ ആഘോഷിക്കാനാണ് ഈ കവിതകൾ ഒരുമ്പെടുന്നത്.

"കോഴിക്കോട് - കാസർഗോഡ് റൂട്ടിലോടുന്ന സ്വകാര്യ ബസ്സിന് ബോറടിച്ചു," എന്നിങ്ങനെ വായിക്കുന്നവനെ കബളിപ്പിക്കുന്ന തരത്തിലുള്ള വി.കെ.എൻ കൗശലങ്ങൾ ശൈലന്റെ തൂലികക്ക് നന്നായി വഴങ്ങുന്നുണ്ട്. തമിഴ് ജനതയോടും സംസ്കാരത്തോടും വല്ലാത്തൊരു അടുപ്പമാണുള്ളത്, ഒഴിച്ച് കൂടാനാവാത്തത് കവിതകളിലെ സ്ത്രീലിംഗമായി എപ്പോഴൊക്കയോ സംഭവിച്ച 'ശിവകാമി' തന്റെ ഉള്ളിലെ ദ്വന്ദ്വവ്യക്തിത്വത്തിന്റെ പ്രകടനമായാണ് ഇയാൾ വിലയിരുത്തുന്നത്. എഴുതിത്തുടങ്ങുന്ന ഘട്ടത്തിൽ ശിവകാമി എന്ന പേരിലെഴുതിയ കവിതകൾ ചേർത്തു വെച്ച് 'ഒട്ടകപ്പക്ഷി' എന്ന മറ്റൊരു സമാഹാരവും ഈ പുസ്തകത്തിന്റെ കൂടെയുണ്ട്.

> ''കോഴിക്കോട് - കാസർഗോഡ് റൂട്ടിലോടുന്ന സ്വകാര്യ ബസ്സിന് ബോറടിച്ചു,'' എന്നിങ്ങനെ വായിക്കുന്നവനെ കബളിപ്പിക്കുന്ന തരത്തിലുള്ള

ലോകം, ജീവിതം, സ്ത്രീ ശരീരം തുടങ്ങി വ്യത്യസ്ത സാധ്യതകളെ പ്രമേയമാക്കുന്ന ഈ കവിതാ സമാഹരത്തിന് പതിവ് അവതാരികാ സ്തുതി ഗീതങ്ങൾക്ക് പകരമായി സവിശേഷമായ മുഖക്കുറി നൽകിയിരിക്കുന്നത് കഥാകാരൻ കെ.പി. രാമനുണ്ണിയാണ്. മീൻ വിൽപ്പനക്കാരനെന്നോ പച്ചക്കറിക്കടക്കാരനെന്നോ ലേബലുള്ളവന്റെ കവിതകളെ വാഴ്ത്താനും നിരൂപിക്കാനും ഉത്സാഹിക്കുന്ന മലയാളി, പരിമിത വിദ്വാനായ ഒരു തിരക്കഥാകൃത്താണെന്ന് ശൈലൻ ആണയിടുന്നു. ദ്രാവിഡ സംസ്കാരത്തിന്റെ ശിവകാമിക്കും വാക്കിനെ അട്ടിമറിച്ചു കൊണ്ട് സ്ഫോടനാത്മകമായി കവിത സൃഷ്ടിക്കുന്ന ശൈലനും ഇടയിൽ വിവരക്കേടിന്റെ ഭോഷ്ക്കുമായി പതിവുമലയാളി വായനക്കാരൻ അന്തം വിട്ടു നിൽക്കുക തന്നെ ചെയ്യും തീർച്ച.

കെ. ഇ. എൻ

# സമരം തന്നെ ശരി

കയ്യൂക്കുള്ളവർ മാത്രം കാര്യക്കാരാവുന്ന അത്യന്തം ക്രൂരമായ ഒരു സോഷ്യൽ ഡാർവിനിസ്റ്റ് യുക്തിയാണ് ലോകമാസകലം ഇപ്പോൾ മേൽക്കൈ നേടിക്കൊണ്ടിരിക്കുന്നത്. 'സ്വന്തം കാര്യം മാത്രം സിന്ദാബാദ്' എന്ന സങ്കുചിതത്വത്തിനൊപ്പം 'അന്യമെന്ന്' സ്വയം നിർവ്വചിക്കുന്ന സകലതിന്റെയും സമ്പൂർണ്ണ നാശം കൊതിക്കുന്ന ശവകാമുകതയിലാരംഭിക്കുന്ന ഒരു 'നെക്രോഫീലിക്' മാനസികാവസ്ഥയാണ് സർവ്വത്ര അരങ്ങുതകർക്കുന്നത്. ഉപഭോക്താക്കളാണ് രാജാവ് എന്ന ലിബറൽ കള്ളത്തിന്, കമ്പോളം സാക്ഷാൽ രാജാവായി മാറിയ ഒരു കാലത്ത് ഒളിവിൽ കഴിയുക അസാധ്യമാണ്. ജനാധിപത്യത്തിന് എബ്രഹാം ലിങ്കൺ മുമ്പ് നൽകിയ മനോഹരമായ നിർവ്വചനത്തിന് ഇപ്പോൾ ജരാനരകൾ ബാധിച്ചിരിക്കുന്നു. ഇന്നുള്ളത് ജനങ്ങൾക്ക് വേണ്ടിയുള്ള ജനാധിപത്യമല്ല. 'ഡ്യൂപോണ്ടിനുവേണ്ടി, ജനറൽ ഇലക്ട്രിക്സിനാലുള്ള ജനറൽ മോട്ടോഴ്സിന്റെ ജനാധിപത്യമാണ്.' അതിന്റെ ന്യൂക്ലിയസ്സായി മാറിക്കഴിഞ്ഞ 'വിപണി'യുടെ 'പരസ്യവിസ്മയങ്ങൾ'ക്കു പിറകിൽ വിയോജിക്കുന്നവരെ മുഴുവൻ വെട്ടി വീഴ്ത്തുന്ന ഒരായുധപ്പുര മുഴുവനുമുണ്ട്. വിപണിയുടെ ഒളിഞ്ഞിരിക്കുന്ന കരം ഒരിക്കലും ഒളിഞ്ഞിരിക്കുന്ന മുഷ്ടിയോടെയല്ലാതെ പ്രവർത്തിക്കില്ല. മാക് ഡൊണാൾഡുമാർക്ക് മാക് ഡോണൽ ഡഗ്ലസ്സുകളില്ലാതെ തഴച്ചു വളരാൻ പറ്റില്ല.' ഇതെഴുതിയത് ഇന്ന് പഴയ യുഗങ്ങളിലെന്നപോലെ ശത്രുക്കൾ / മിത്രങ്ങൾ എന്ന വിഭജനം നിലനിൽക്കുന്നില്ലെന്നും മറിച്ചിത് പരസ്പരം മത്സരിക്കുന്നവരുടെ യുഗമാണെന്നും,

പ്രസ്തുത യുഗത്തിൽ നിങ്ങളുടെ മിസൈലുകൾക്ക് എത്ര ശക്തിയുണ്ട് എന്നല്ല മറിച്ച് നിങ്ങളുടെ 'മോഡ'ത്തിന് എത്ര മാത്രം വേഗതയുണ്ട് എന്ന ചോദ്യം മാത്രമാണ് പ്രസക്തം എന്നെഴുതിയ ന്യൂയോർക്ക് ടൈംസിന്റെ കോളമിസ്റ്റായ തോമസ് ഫ്രീഡ്മാനാണ്! പ്രപഞ്ചമാകെത്തന്നെ പ്രമാണിമാർക്ക് പകുത്തു കൊടുത്തുകൊണ്ട് മനുഷ്യ ജന്മത്തെത്തന്നെ പാപ്പരാക്കാനുള്ള മൂലധന ഭീകരതയുടെ അക്രമാത്മക പദ്ധതികൾക്കിടയിൽ മനുഷ്യ രാശിക്ക് നഷ്ടമാകുന്നത് തൊഴിലും സുരക്ഷിതത്വവും പുഴയും മാത്രമല്ല, പ്രാഥമിക ജനാധിപത്യ അവകാശങ്ങൾ മുഴുവനുമാണ്. വീണവരെ ഇനി ഒരിക്കലും എഴുന്നേൽക്കാൻ അനുവദിക്കാത്ത വിധം ആഞ്ഞു തൊഴിക്കുന്ന അധികാരത്തിന്റെ അലർച്ചകൾക്ക് അക്രമാത്മകമായ സൈദ്ധാന്തികാവിഷ്കാരമാണ് അരാഷ്ട്രീയ വാദം നിർമ്മിച്ചു നൽകുന്നത്.

സാംസ്കാരികാധിനിവേശം പൂർത്തിയാവുമ്പോൾ പാരസ്പര്യത്തിന്റെ പാലങ്ങൾ പൊളിയും. സൗഹൃദങ്ങളുടെ ഭൂമിയും ആത്മബോധത്തിന്റെ ആകാശവും അതോടെ മനുഷ്യർക്ക് അന്യമാകും. സ്വന്തമായതെല്ലാം മ്ലേച്ഛവും അന്യമായതെല്ലാം മഹത്വവുമാണെന്ന തെറ്റിദ്ധാരണയിൽ മനുഷ്യൻ അഭിരമിക്കും. സങ്കുചിതമായ വ്യക്തിപരതയിൽ നിന്ന് വിസ്തൃതമായ സാമൂഹ്യ പരതയിലേക്കുള്ള വഴികളടയും ഓരോ മനുഷ്യനും തന്നിൽ വീണു തളരും. ഓരോരുത്തരുടെയും ജീവിതം സാംസ്കാരികമായ അർത്ഥത്തിൽ സാന്ദ്രമാകുന്നത് സാമൂഹ്യ ബന്ധങ്ങളുടെ സമാന്തര ലോകം സജീവമാകുമ്പോഴാണെന്ന സത്യം തിരസ്കൃതമാകും. അന്യന്റെ

സാംസ്കാരികാധിനിവേശം പൂർത്തിയാവുമ്പോൾ പാരസ്പര്യത്തിന്റെ പാലങ്ങൾ പൊളിയും. സൗഹൃദങ്ങളുടെ ഭൂമിയും ആത്മബോധത്തിന്റെ ആകാശവും അതോടെ മനുഷ്യർക്ക് അന്യമാകും

ബന്ധങ്ങളുടെ ശ്മശാനത്തിൽ നിന്ന് അന്ന് കൊലയാളിപ്പൂക്കൾ മാത്രം ആർത്തട്ടഹസിക്കും. കവിത അപ്രത്യക്ഷമാകും. അപ്പോൾ കിളികളൊക്കെയും കമ്പോളങ്ങളിലേക്ക ചേക്കേറും

വാക്കുകൾ ശല്യമാകും. സ്വന്തം ശബ്ദം ശിഥിലമാകും. ബന്ധങ്ങൾ ഭാരമാകും. കിനാവിന്റെ നാളങ്ങളൊക്കെയും കെട്ടുപോകും. കാല നൈരന്തര്യത്തിന്റെ കണ്ണികളൊക്കെയും പൊട്ടിപ്പിളരും. “ഞാനെന്റെ സഹോദരന്റെ കാവൽക്കാരനോ” എന്ന പഴയ ചോദ്യം ഒരിടി മുഴക്കമായി വീണ്ടും തിരിച്ചു വരും. ബന്ധങ്ങളുടെ ശ്മശാനത്തിൽ നിന്ന് അന്ന് കൊലയാളിപ്പൂക്കൾ മാത്രം ആർത്തട്ടഹസിക്കും. കവിത അപ്രത്യക്ഷമാകും. അപ്പോൾ കിളികളൊക്കെയും കമ്പോളങ്ങളിലേക്ക് ചേക്കേറും. ഒന്നും പറയാനില്ലാതെ ഭാഷ പതറും. മനുഷ്യരായ മനുഷ്യരൊക്കെയും ഔപചാരികതകളിൽ ഒതുങ്ങും. അങ്ങാടിയും കണ്ണാടിയും കെട്ടിപ്പുണരും. വാങ്ങലിനും കാണലിനും ഇടയിൽ മനുഷ്യൻ കുമ്പിടും. കാഴ്ചപ്പാടുകൾക്കുമുകളിൽ “കാഴ്ചകൾ” കൊടി പറത്തും. മൂല്യങ്ങളുടെ ഭാരമില്ലാത്ത, പൊങ്ങു മനുഷ്യർ അല്പത്തരങ്ങളിൽ കിടന്നുരുളും. വീട്ടിലെ വളർത്തു മൃഗങ്ങൾ പോലും അശ്ലീലാനുഭവങ്ങൾക്ക് വിധേയരാകും. സാംസ്കാരികാധിനിവേശം ജന്തുതക്ക് ഇളകിയാടാനുള്ള സുവർണ്ണാവസരങ്ങൾ നിരന്തരം സൃഷ്ടിക്കും. ശരി തെറ്റുകളും നന്മ തിന്മകളും സ്നേഹാദരങ്ങളും മാർക്കറ്റിൽ ലേലത്തിനെത്തും! സഹസ്രാബ്ദങ്ങളിലൂടെ മനുഷ്യരാശി സമാഹരിച്ച സാംസ്കാരിക മൂല്യങ്ങളൊക്കെയും സംഹരിക്കപ്പെടും. ഉപയോഗമില്ലാത്തതൊക്കെയും ഉപേക്ഷിക്കപ്പെടും. ലാഭത്തിന്റെ പറുദീസകളിൽ നിന്ന് മാത്രം നിരന്തരം ചോര തെറിപ്പിച്ചു കൊണ്ട് പൊട്ടിച്ചിരികൾ ഉയരും.

ഇത്രയും വായിച്ച് കഴിയുമ്പോൾ ചിലർ ന്യായമായും ചോദിക്കും, സാംസ്കാരികാധിനിവേശം ഇവിടെ എപ്പോഴോ

സംഭവിച്ചു കഴിഞ്ഞിരിക്കെ, ഇത്രയൊക്കെ പരിതാപകരമായ ഒരവസ്ഥയിലേക്ക് നമ്മളെത്തിപ്പെട്ടിട്ടില്ലല്ലോ എന്ന്? ഇപ്പോഴും നമുക്കിടയിൽ അനുരാഗവും സ്നേഹവും വാത്സല്യവും സൗഹൃദവുമെല്ലാം നിലനിൽക്കുന്നുണ്ടല്ലോ എന്ന്? ശരിയാണ്. ഇതെല്ലാം നിലനിൽക്കുന്നത് സ്വയം പൊരുതിക്കൊണ്ടാണ്. സാംസ്കാരികാധിനിവേശത്തിനെതിരെ പ്രതിരോധങ്ങളും പ്രക്ഷോഭങ്ങളും ഉണ്ടാകുന്നത് കൊണ്ടാണ് പരിമിതമായ അർത്ഥത്തിലെങ്കിലും മാനുഷിക മൂല്യങ്ങൾ തകരാതിരിക്കുന്നത്. ജാഗ്രതയുടെ ജ്വാലകൾ അണഞ്ഞുപോയാൽ മാനവികത ജന്തുതയുടെ ലോകങ്ങളിലേക്ക് മറിഞ്ഞു വീഴും. സംസ്കാരത്തെ ഒരു സമര ശക്തിയാക്കാതെ സാംസ്കാരികാധിനിവേശത്തെ ചെറുക്കാനാകില്ല.

ജാഗ്രതയുടെ ജ്വാലകൾ അണഞ്ഞുപോയാൽ മാനവികത ജന്തുതയുടെ ലോകങ്ങളിലേക്ക് മറിഞ്ഞു വീഴും

പരുക്കേറ്റിട്ടും മൂല്യങ്ങൾ മരിക്കാതിരിക്കുന്നത് അധിനിവേശത്തിനെതിരെ വ്യത്യസ്ത തരത്തിലുള്ള പ്രതിരോധങ്ങൾ നിലനിൽക്കുന്നത് കൊണ്ടാണ്. കഞ്ഞിയും ചോറും കപ്പയും മീനും ന്യൂഡിൽസിനോടും ബർഗറിനോടും, മോരും വെള്ളവും അവിലും വെള്ളവും കോളയോടും, മലയാള ലാളിത്യം ഇംഗ്ലീഷ് പൊങ്ങച്ചങ്ങളോടും, രാഷ്ട്രീയം അരാഷ്ട്രീയത്തോടും, കൂട്ടായ്മകൾ ഒറ്റമേന്മ സിദ്ധാന്തങ്ങളോടും നവോത്ഥാനം പുനരുത്ഥാനത്തോടും, സർഗാത്മകത യാന്ത്രികതയോടും കവിത നഗ്നമായ പ്രയോജനാ വാദങ്ങളോടും, സാമൂഹ്യ ബോധം മാഫിയ ബാധകളോടും ഇഞ്ചിന് ഇഞ്ച് പൊരുതണം. രാഷ്ട്രീയ അധിനിവേശത്തിനെതിരെയുള്ള സമരവും സാംസ്കാരികാധിനിവേശത്തിനെതിരെയുള്ള സമരവും തമ്മിലുള്ള അവിഭാജ്യ ബന്ധം തിരിച്ചറിയുമ്പോഴും, സാംസ്കാരികാധിനിവേശത്തിനെതിരെയുള്ള സമരം രാഷ്ട്രീയാധിനിവേശത്തിനെതിരെയുള്ള സമരത്തേക്കാൾ സങ്കീർണ്ണമാണെന്നും, ക്ലേശകരമാണെന്നും സ്വയം തിരിച്ചറിയണം. അധിനിവേശ സംസ്കാരത്തിനെതിരെ ലോകമാകെ ആരംഭിച്ചു കഴിഞ്ഞ സമരങ്ങൾക്ക് സ്വന്തം ജീവിതം കൊണ്ട് ശക്തി പകരണം. സാമ്രാജ്യത്വത്തിന്റെ 'ഇക്കിളി വ്യവസായത്തിലും' ലോകമാകെ ഒരു പകർച്ചവ്യാധി പോലെ പടർന്നു കഴിഞ്ഞ അവരുടെ 'കോളമിസ്റ്റുകളുടെ' വ്യാജ ചർച്ചാ വ്യവസായത്തിലും ജനാധിപത്യവാദികൾ ഇടറരുത്.

മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഡോക്ടറാണ് കിഡ്നി മോഷ്ടിക്കുന്നത്. രാജ്യത്തെ ജനങ്ങളുടെ കഷ്ടപ്പാട് കാണുന്ന കച്ചവടക്കാരാണ് ധനം കൊള്ളയടിക്കുന്നത്

# സമ്പൂർണ്ണ വിദ്യാഭ്യാസം

അനു. എ
ഒന്നാം വർഷം, സോഷ്യോളജി

'വിദ്യാധനം സർവ്വധനാൽ പ്രധാനം' ഇത് ഞാൻ കുട്ടിക്കാലത്ത് കേട്ട വാചകമാണ്. വളരും തോറും ഇതിന്റെ അർത്ഥം കൂടുതൽ മനസ്സിലായി വരുന്നു. കഴിയുന്നിടത്തോളം മഹദ് വ്യക്തകളുടെ ക്ലാസ്സുകളും പ്രഭാഷണങ്ങളും കേൾക്കുക എന്റെ വലിയ ആഗ്രഹങ്ങളിലൊന്നാണ് എല്ലാ മതങ്ങളും ഉത്ഘോഷിക്കുന്നത് മനുഷ്യനെ നന്മയിലേക്ക് നയിക്കാനാണ്.

എന്നാൽ ഇന്ന് വാക്കുകൾ കേൾക്കുമ്പോൾ ഞാൻ ഞെട്ടി വിറയ്ക്കാറുണ്ട്. നമ്മുടെ സമൂഹത്തിന്റെ ധാർമ്മികാധഃപതനമാണ് വാക്കുകളിൽ നിറഞ്ഞു നില്ക്കുന്നത്. വിദ്യാസമ്പന്നരായ വ്യക്തികളാണ് ഇതിലെല്ലാം നായക സ്ഥാനത്തുള്ളത്. മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഡോക്ടറാണ് കിഡ്നി മോഷ്ടിക്കുന്നത്. രാജ്യത്തെ ജനങ്ങളുടെ കഷ്ടപ്പാട് കാണുന്ന കച്ചവടക്കാരാണ് ധനം കൊള്ളയടിക്കുന്നത്. മതം നന്മക്കെന്ന് പറയുന്നവർ തന്നെ അധർമ്മം പ്രവർത്തിക്കുന്നതും നാം കാണുന്നു. എന്തേ ഈ ലോകം ഇങ്ങനെ? പലപ്പോഴും എന്റെ ചിന്ത ഈ വഴിക്കു പോവുന്നു.

ഇന്ന് സാങ്കേതിക ജ്ഞാനം മാത്രമായി വിദ്യാഭ്യാസം മാറുന്നു. ഇതിൽ നിന്നും വ്യത്യസ്തമായി ഉത്തമമായ മനുഷ്യ സൃഷ്ടിയാവണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

മനുഷ്യത്വവും മാനവിക സ്നേഹവും വളർത്താനുതകുന്ന വിദ്യാഭ്യാസ രീതി പ്രാവർത്തികമാക്കുക എന്നതാണ് ധാർമ്മികാധഃപതനത്തിൽ നിന്ന് വർത്തമാനകാല സമൂഹത്തെ രക്ഷിക്കാനുള്ള മാർഗ്ഗം.






# സൂചിക്കുഴയിലൂടെ കടക്കുന്ന ഒട്ടകങ്ങൾ

വിദ്യാഭ്യാസം കമ്പോളവത്കരിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസ്ഥിതിയിലൂടെ കടന്നുപോവുകയാണ് നാമിന്ന് പെട്ടെന്നൊരു സുപ്രഭാത്തിൽ തുടങ്ങയതല്ല ഈ പ്രക്രിയ. 1990കളിൽ ഗാട്ടിലൂടെയും ഗാട്ട്സിലൂടെയും ആഗോളവൽക്കരണം ഇന്ത്യൻ പൊതുസമൂഹത്തിലേക്ക് അധിനിവേശിച്ച് തുടങ്ങിയപ്പോൾ തന്നെ സൗജന്യ പ്രാഥമിക വിദ്യാഭ്യാസമെന്ന പൗരാവകാശത്തിന് മേൽ കറുത്ത മേഘങ്ങൾ ഉരുണ്ടു തുടങ്ങിയിരുന്നു.

സേവനമേഖലകളിൽ നിന്നും സർക്കാരിന്റെ ഒഴിഞ്ഞുപോക്ക്, ആഗോളീകരണം സാമ്പത്തിക ലാഭനഷ്ടങ്ങളുടെ കണക്കുകൾ വെച്ച് ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ചില ഗതകാല കാഴ്ചകളാണ് 1986 ലെ ദേശീയ വിദ്യാഭ്യാസ നയവും (സൗജന്യ പ്രാഥമിക വിദ്യാഭ്യാസം നടപ്പിലാക്കാനാകില്ല എന്ന നയം.) 1992 ലെ വിഭവകാര്യ കമ്മീഷന്റെ ആദായകരമല്ലാത്ത സ്ക്കൂളുകൾ അടച്ചുപൂട്ടണമെന്ന ചെലവ് ചുരുക്കൽ നിർദ്ദേശവും മറ്റും. അതോടൊപ്പം തന്നെ ചേർത്തു വായിക്കാവുന്നതാണ്, പത്തു കിലോ മീറ്റർ ചുറ്റളവിൽ സർക്കാർ എയ്ഡഡ് ആയാലും അൺഎയ്ഡഡ് ആയാലും ഒരു സ്ക്കൂൾ മതി എന്ന ലോക ബാങ്ക് നിലപാട് നമ്മുടെ വിദ്യാഭ്യാസ കാഴ്ചപ്പാടായി മാറിയ സംഭവം.

സർക്കാർ എയ്ഡഡ് മേഖലയിലെ സ്ക്കൂളുകൾക്ക് വേണ്ടത്ര സാമ്പത്തിക സഹായം ലഭിക്കാതിരിക്കുകയും, സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിലൂടെ അക്ഷരം പഠിപ്പിക്കുക എന്നത് പൊതു സമൂഹത്തിന്റെ ഉത്തരവാദിത്തമായി അവതരിപ്പിക്കപ്പെടുകയും ചെയ്തപ്പോൾ പരിഷ്കരിക്കപ്പെ

വിദ്യാഭ്യാസ കച്ചവടത്തിന്റെ ആദ്യകാല ദൃഷ്ടാന്തങ്ങളാണ് 1990 കളിൽ കേരളത്തിൽ കൂണു പോലെ മുളച്ചു പൊന്തിയ അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ. ഇതിന്റെ തുടർച്ചയായാണ് ഹയർ സെക്കണ്ടറി തലത്തിൽ കച്ചവടങ്ങൾ പൊടി പൊടിച്ചത്.



അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ. ഇതിന്റെ തുടർച്ചയായാണ് ഹയർ സെക്കണ്ടറി തലത്തിൽ കച്ചവടങ്ങൾ പൊടിപൊടിച്ചത്.

വിദ്യാഭ്യാസ കച്ചവടത്തിന്റെ ഏറ്റവും പുതിയതും തികച്ചും അപകടകരമായതും ആയ പ്രതിഭാസമാണ് സ്വാശ്രയ പ്രഫഷണൽ കോളേജുകളിലൂടെ നമുക്ക് മുന്നിൽ ഇന്നു പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നത്. മനുഷ്യവിഭവവും വിജ്ഞാനവും കച്ചവട വസ്തുക്കളാകുന്ന ആഗോളവത്കരണ പ്രതിഭാസത്തിന്റെ ശോഭയിൽ, കമ്പോളത്തിനാവശ്യമായവ ഉണ്ടാക്കുന്ന ഉത്പാദനശാലകളായി സ്വാശ്രയ പ്രഫഷണൽ കോളേജുകൾ പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾ കൺസ്യൂമേഴ്സായും, പ്രൊഡക്റ്റായും തൊഴിൽ വിപണിയിലെത്തിക്കപ്പെടുന്നു. വിജ്ഞാനത്തിന്റെയും തൊഴിലിന്റെയും കമ്പോളങ്ങളിൽ അറിവിന്റെ വിലയും തൊഴിലിന്റെ വേതനവും നിശ്ചയിക്കുന്നത് കമ്പോളം തന്നെ. പ്രഫഷണൽ വിദഗ്ധരെ കമ്പോളം ആവശ്യപ്പെടുമ്പോൾ സ്വാശ്രയ കോളേജുകളിലേക്ക് യോഗ്യതക്ക് വേണ്ടി ഇരച്ചു കയറുന്ന വിദ്യാർത്ഥികൾ നാളെയിലെ തൊഴിൽ ദാതാക്കളുടെ മുന്നിലെ നീണ്ട നിരകളാകുമെന്ന് ഓർക്കുന്നില്ല. ഇത്തരത്തിൽ പരിശീലനം നേടിയ ഉദ്യോഗാർത്ഥികളുടെ ബാഹുല്യം താഴ്ന്ന വേതന നിരക്കുകളിൽ പോലും ജോലി ചെയ്യാൻ അവരെ പ്രേരിതരാക്കും. ഇതുനയിക്കുക വളരെ തീക്ഷ്ണമായ ഒരു ചൂഷണ കാലത്തിലേക്കായിരിക്കും.


മനുഷ്യവിഭവവും വിജ്ഞാനവും കച്ചവട വസ്തുക്കളാകുന്ന ആഗോളവത്കരണ പ്രതിഭാസത്തിന്റെ ശോഭയിൽ, കമ്പോളത്തിനാവശ്യമായവ ഉണ്ടാക്കുന്ന ഉത്പാദനശാലകളായി സ്വാശ്രയ പ്രഫഷണൽ കോളേജുകൾ

## സാമൂഹിക **നീതി** തകർത്തെറിയപ്പെടുമ്പോൾ സമൂഹത്തിലെ സമ്പന്ന വരേണ്യ **വർഗങ്ങൾ** പ്രഫഷണൽ വിദ്യാഭ്യാസ മേഖലകളിൽ ആഴത്തിൽ **വേരുകളാഴ്ത്തുന്നു.**




പ്രഫഷണലുകളുടെ ഉത്പാദന തോത് ഉയരുമ്പോൾ തന്നെ അതിന്റെ ഗുണ നിലവാരം എത്രത്തോളം താഴും എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. പരീക്ഷാ വ്യവസ്ഥകളുടെ പഴുതുകളിലൂടെ സർവ്വകലാശാലകളെ കബളിപ്പിച്ച് തൊഴിൽ വിപണിയിലേക്കിറങ്ങുന്ന സ്വാശ്രയ വിദ്യാർത്ഥികൾ തച്ചുടക്കുന്നത് കാലാകാലമായി നമ്മുടെ യൂണിവേഴ്സിറ്റികൾ ഉണ്ടാക്കിയെടുത്ത പേരും പ്രശസ്തിയുമാണ്. സാമൂഹിക നീതി തകർത്തെറിയപ്പെടുമ്പോൾ സമൂഹത്തിലെ സമ്പന്ന വരേണ്യ വർഗങ്ങൾ പ്രഫഷണൽ വിദ്യാഭ്യാസ മേഖലകളിൽ ആഴത്തിൽ വേരുകളാഴ്ത്തുകയും, ആഗോള കമ്പോള വത്ക്കരണത്തിന്റെ സ്തുതിപാഠകരായി യു.ജി.സി.യും കേന്ദ്ര ഗവർൺമെന്റും, ഉന്നത പ്രഫഷണൽ വിദ്യാഭ്യാസ രംഗത്ത് നിന്നും ഭാഗികമായി പിന്മാറിക്കൊണ്ട്, വിദ്യാഭ്യാസത്തിന്റെ സ്വകാര്യ വാണിജ്യവത്ക്കരണവും കമ്പോളവത്കരണത്തിന്റെ താല്പര്യങ്ങളും സംരക്ഷിക്കുന്നു. ഇതു വഴി അവസരങ്ങൾ നഷ്ടപ്പെടുന്നതും പാർശ്വവത്ക്കരിക്കപ്പെടുന്നതും സമൂഹത്തിലെ ന്യൂനപക്ഷങ്ങൾക്കും അധഃസ്ഥിത വർഗ്ഗങ്ങൾക്കും മാത്രമാണ്.

അവസര സമത്വം ഉദ്ഘോഷിക്കുന്ന ഭരണഘടന നോക്കുകുത്തിയാകുന്ന കാലത്ത്, പണമടച്ച് സീറ്റ് ബുക്ക് ചെയ്ത സമ്പന്നന്റെ മക്കളെയോർത്ത് വിലപിക്കുന്ന കോടതികളുടെ കാലത്ത്, ഭാവിയുടെ സ്വപ്നങ്ങൾ സാമ്പത്തിക പ്രതിസന്ധികൾക്കു മുമ്പിൽ തകർന്നടിഞ്ഞപ്പോൾ ആത്മഹത്യ ചെയ്ത രജനിയുടെ കാലത്ത്, പ്രതിച്ഛായാതൊഴിലുകളുടെ വരുംകാല സ്വർഗ്ഗത്തിലേക്ക് സൂചിക്കുഴയിലൂടെ ഒട്ടകങ്ങൾ നുഴഞ്ഞു കയറുമ്പോൾ അവസരങ്ങൾ കൊട്ടിയടക്കപ്പെടുന്നത് എന്നും അടിച്ചമർത്തപ്പെട്ടുകൊണ്ടിരിക്കുന്ന ന്യൂനപക്ഷങ്ങളിലേയും ഭൂരിപക്ഷങ്ങളിലേയും ബഹു ഭൂരിപക്ഷങ്ങൾക്കുമാത്രമാണ്.



തസ്നീം
രണ്ടാംവർഷ ഫിസിക്സ്

# സ്ത്രീ പരോക്ഷ സാമ്രാജ്യത്വത്തിൽ

ടോൾസ്റ്റോയ് പറഞ്ഞ ഒരു കഥയുണ്ട്. ആർത്തി മൂത്ത ഒരു മനുഷ്യന്റെ കഥ. ഒരാൾ ഓടിയെത്തുന്നത്രയും ഭൂമി അയാൾക്ക് നല്കാമെന്ന് രാജ്യത്തെ രാജാവ് വാഗ്ദാനം നല്കുന്നു. ഒരാൾ ഓട്ടം തുടങ്ങുകയാണ് ഏറെ നേരം ഓടി. നന്നായി ക്ഷീണിച്ചു. പാടെ തളർന്നു. ഒരുപാട് സ്ഥലങ്ങൾ അവന്റെ പരിധിയിലാക്കി. ഇനിയുംമിനിയും ഭൂമി കൈവശപെടുത്താൻ വീണ്ടും ഓടുകയാണ്. ശ്വാസമിടിപ്പ് അങ്ങേയറ്റമെത്തി. എന്നിട്ടും അയാൾ കുതിക്കുകയാണ് വീണ്ടും വീണ്ടും ഭൂമി തന്റെ പരിധിയിലാക്കാൻ. അവസാനം അയാൾ ശ്വാസം മുട്ടി പിടഞ്ഞ് മരിച്ചു വീഴുകയാണ്. ആറടി മണ്ണ് മാത്രം കൈയ്യടക്കിക്കൊണ്ട്.

ആർത്തിയിലധിഷ്ഠിതമായ ജീവിതമാണ് ഇന്നത്തെ മനുഷ്യന്റേത്. കൊള്ള, കൊല, ചതി, പിടിച്ചുപറി, അഴിമതി തുടങ്ങി സ്വാർത്ഥ താത്പര്യങ്ങൾക്ക് വേണ്ടി എന്തു കടും കൈയ്യും ചെയ്യാൻ മനുഷ്യന് മടിയില്ല. ആഗ്രഹങ്ങൾ പൂർത്തീകരിക്കാൻ എങ്ങനെയെങ്കിലും പണമുണ്ടാക്കുക. അതാണ് മനുഷ്യന്റെ പ്രശ്നം. ആഗ്രഹങ്ങളോ? ഒടുങ്ങാത്തവയും മനുഷ്യ ഹൃദയങ്ങളിൽ പാർപ്പുറപ്പിച്ച ഇത്തരം വികാരങ്ങളിലാണ് പരോക്ഷ സാമ്രാ

ജ്യത്വം പടുത്തുയർത്തപ്പെട്ടിട്ടുള്ളത്.

മുമ്പ് രാഷ്ട്രീയാധിപത്യത്തിന് വേണ്ടി പ്രത്യക്ഷ സാമ്രാജ്യത്വം നടത്തി. എങ്കിൽ ഇന്ന് സാംസ്കാരിക സാമ്പത്തികാധിപത്യത്തിന് വേണ്ടി പരോക്ഷ സാമ്രാജ്യത്വമാണ് നടത്തുന്നത്. തന്ത്രപരവും മന:ശാസ്ത്രപരവുമായ ഈ അധിനിവേശത്തിനു മുമ്പിൽ സ്ത്രീകളാണ് പ്രധാന ഇരകൾ എന്നത് ശ്രദ്ധേയമാണ്.

സ്ത്രീയുടെ ശാരീരിക മാനസികാവസ്ഥകളെ ചൂഷണം ചെയ്തുകൊണ്ട് പുരുഷന്റെയും സ്ത്രീകളുടെ തന്നെയും നേതൃത്വത്തിൽ അരാജകത്വങ്ങളും മർദ്ദനങ്ങളും സദാചാര ലംഘനങ്ങളും ഇന്ന് നടമാടിക്കൊണ്ടിരിക്കുന്നു. സ്ത്രീയെന്നാൽ കേവലം ശരീരമാണെന്നും അവൾക്ക് മാനസ്സികവും ബൗദ്ധികവുമായ വികാര വിചാരങ്ങളൊന്നും തന്നെയില്ലെന്നും ലോകത്തെ മൂലധന ശക്തികൾ സമൂഹത്തെ പഠിപ്പിച്ചു. മാധ്യമങ്ങളിലും സാഹിത്യങ്ങളിലുമൊക്കെ സ്ത്രീ ഭൂരിപക്ഷം കാണാവുന്നതാണ്. പക്ഷെ അവിടെയൊക്കെയും കേൾവിക്കാരെയും കാണികളെയും വായനക്കാരെയും ഇക്കിളിപ്പെടുത്താനുള്ള ഒരുപകരണം മാത്രമായി സ്ത്രീ മാറുന്നു.

ധാർമ്മികമായ എല്ലാ അതിർ വരമ്പുകളും വലിച്ചെറിഞ്ഞു കൊണ്ടുള്ള സ്ത്രീ-പുരുഷ ബന്ധങ്ങളെ കേരള ജനത പോലും വളരെ ലാഘവത്തോടെ കാണാൻ തുടങ്ങിയിരിക്കുന്നു. നിയമങ്ങളിൽ പോലും ഉഭയസമ്മതത്തോടെയാണെങ്കിൽ വ്യഭിചാരം കുറ്റമല്ലാതായി തീരുന്നു. ഒരു വശത്ത് നളിനി ജമീലമാർ സെക്സ് വർക്കേഴ്സിനെ സൃഷ്ടിച്ചെടുക്കുമ്പോൾ മറുവശത്ത്, നീചമായ സ്വവർഗ്ഗരതിക്ക് പ്രോത്സാഹനം നല്കുന്ന ലെസ്ബിയൻ സംഘടനകളെ നമുക്കു കാണാം. സദാചാര മൂല്യങ്ങളുടെ നാടായിരുന്ന കേരളം ഇന്നെവിടെ എത്തിനിൽക്കുന്നു. എത്രയെത്ര വേശ്യാലയങ്ങളാണ് കേരളത്തിൽ. എത്രയെത്ര പെൺകുഞ്ഞുങ്ങളാണ് ടൂറിസത്തിന്റെ പേരിൽ വഞ്ചിക്കപ്പെടുന്നത്. സാങ്കേതിക പുരോഗതിയുടെ മകുടോദാഹരണമായ ഇന്റർനെറ്റ് പോലും ലൈംഗികാസ്വാദകരുടെ കേന്ദ്രമായി മാറികൊണ്ടിരിക്കുന്നു. ജന്മവാസനകളെ നിയന്ത്രിക്കാനുള്ള കഴിവാണ് മാനവികത. നാം മനുഷ്യരാണെന്ന് പറയാൻ നമുക്കെന്ത് അർഹത?

മനുഷ്യനെ മൃഗങ്ങളിൽ നിന്ന് വേർതിരിക്കുന്ന 'സംസ്ക്കാരം' എന്ന മൂല്ല്യം നഷ്ടമായിരിക്കുന്നു. കന്നുകാലികളെപ്പോലെ ലജ്ജാബോധമില്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്. മാറ് മറയ്ക്കാൻ വേണ്ടി അവകാശ പോരാട്ടം നടത്തിയ അതേ കേരളവനിതകൾ തന്റെ വസ്ത്രങ്ങൾ മുഴുവനും വലിച്ചെറിയാനുള്ള ശ്രമത്തിലാണ്. സ്ത്രീയെന്നാൽ പ്രദർശന വസ്തുവാണെന്നും അവളുടെ

വ്യഭിചാരം കുറ്റമല്ലാതായി തീരുന്നു. ഒരു വശത്ത് നളിനി ജമീലമാർ സെക്സ് വർക്കേഴ്സിനെ സൃഷ്ടിച്ചെടുക്കുമ്പോൾ മറുവശത്ത്, നീചമായ സ്വവർഗ്ഗരതിക്ക് പ്രോത്സാഹനം നല്കുന്ന ലെസ്ബിയൻ സംഘടന

മഹത്വം സൗന്ദര്യത്തിലാണെന്നും ചാനലുകൾ സമൂഹത്തെ പഠിപ്പിച്ചു. ശരീരത്തിനും അവയവങ്ങൾക്കും അളവും മാനദണ്ഡങ്ങളും നിശ്ചയിക്കപ്പെട്ടു. കമ്പോളങ്ങൾ കീഴടക്കുന്നതിന് വേണ്ടി സൗന്ദര്യ മത്സരങ്ങൾ ആസൂത്രിതമായി നടത്തപ്പെടുന്നു. സ്വന്തം ശരീരത്തെ തീറ്റി പോറ്റാനാവാതെ ഇന്ത്യയിൽ പട്ടിണി മരണങ്ങൾ വ്യാപകമാവുമ്പോഴും, തടിച്ച ശരീരവും വരണ്ട തൊലിയും നരച്ച മുടിയും വായനാറ്റവും മുഖക്കുരുവുമൊക്കെയാണ് അവളുടെ പ്രശ്നങ്ങൾ. വനിതാമാസികകളും ആരോഗ്യമാഗസിനുകളും പൈങ്കിളി വാരികകളും ഇതിലൊതുങ്ങി കഴിയുന്നു. പൊതു പ്രവർത്തകരും വിപ്ലവകാരികളും മയിലമ്മമാരും സാംസ്കാരിക നായകന്മാരും സ്ത്രീകൾക്ക് അപരിചിതരായി.

സ്ത്രീ ശരീരം പ്രദർശിപ്പിച്ചിട്ടില്ലെങ്കിൽ സാധനങ്ങൾ വിറ്റഴിക്കപ്പെടില്ല എന്നു തോന്നിപ്പോകുമാറ് എല്ലാ ഉത്പന്നങ്ങൾക്കു മുകളിലും സുന്ദരികളായ സ്ത്രീകളെ നമുക്കു കാണാം. ചെരിപ്പിന്റെ പരസ്യത്തിന് സ്ത്രീയുടെ മുഖവും, പുരുഷനുപയോഗിക്കുന്ന ഷേവിംഗ് സെറ്റിന് സ്ത്രീയുടെ നഗ്നതയും പ്രദർശിപ്പിക്കുന്ന കമ്പോള തന്ത്രമാണ് ഇന്നുള്ളത്. മൂന്നു വയസ്സുള്ള പെൺകുഞ്ഞുങ്ങൾ മുതൽ വൃദ്ധസ്ത്രീകൾ വരെ പീഡിപ്പിക്കപ്പെടുന്നു. എന്തിന് , ജനിക്കാൻ പോലും അവൾക്കവകാശമില്ല. ഇറാഖിലും അഫ്ഗാനിസ്ഥാനിലും പാലസ്തീനിലും ഗുജറാത്തിലും എത്രയെത്ര സ്ത്രീകളാണ് കൊല ചെയ്യപ്പെട്ടതും മർദ്ധിക്കപ്പെട്ടതും.

എന്തിനും ഏതിനും കയർത്തുമ്പിൽ ജീവനൊടുക്കണമെന്ന് നമ്മെ പഠിപ്പിച്ചതാരാണ് ? ദിവസേന കണ്ണീർ വാർക്കുന്ന സിനിമാ സീരിയൽ നടിമാരോ? അതോ ഭീരുക്കളായി ആത്മഹത്യചെയ്യുന്നവരുടെ പൂർവ്വ കഥകളോ ? ജീവിത സാഹചര്യങ്ങൾക്കു മുമ്പിൽ തോറ്റോടുന്നവരെയല്ല മറിച്ച് എല്ലാ സമ്മർദ്ദങ്ങളും വകഞ്ഞുമാറ്റി മുന്നോട്ടു കുതിക്കുന്ന പ്രതികരണ ശേഷിയും തന്റേടവുമുള്ള കരുത്തുറ്റ ധീര വനിതകളെയാണ് നമ്മൾ മാതൃകയാക്കേണ്ടത്.

ഭക്ഷ്യവസ്തുക്കൾക്ക് ചിലവഴിക്കുന്നതിനേക്കാൾ സമ്പത്ത് കോസ്മറ്റിക്ക് വസ്തുക്കൾക്ക് വേണ്ടി ചെലവഴിക്കപ്പെടുന്നു. സ്ത്രീ ചിന്ത ഫാഷനിലും സൗന്ദര്യ വർദ്ധനയിലും ഡ്രസ്സ് ഡിസൈനിംഗിലുമൊക്കെ ഒതുങ്ങിപോയി. കാരുണ്യം, ദയ, സഹതാപം, അനുകമ്പ, ഉദാരത ഇവയെല്ലാം പഴഞ്ചനായി, ഗൃഹനാഥ എന്ന സ്ഥാനം പരസ്യങ്ങൾ പിടിച്ചെടുത്തു. വീട്ടിൽ എന്തു വാങ്ങണം, എന്തു കുടിക്കണം, എങ്ങനെ കുടിക്കണം, എന്തു തിന്നണം, എങ്ങിനെ തിന്നണം, എന്ത് എങ്ങിനെ ധരിക്കണം തുടങ്ങി എല്ലാം തീരുമാനിക്കുന്നത് പരസ്യങ്ങൾ. അങ്ങനെ നമ്മുടെ ബുദ്ധിയുടെ സ്ഥാനത്ത് കമ്പോള തന്ത്രം അവരോധിക്കപ്പെട്ടു. നമ്മുടെ കഴുത്തിലുള്ള ചങ്ങലകളെ ആഭരണമായി നമ്മൾ തെറ്റിദ്ധരിച്ചു.

സാമ്പത്തിക മേഖല മുഴുവൻ തങ്ങളുടെ നിയന്ത്രണത്തിലാക്കാൻ വേണ്ടി ആഗോളവത്കരണം എന്ന ഓമന പേരിട്ടു കൊണ്ട് കമ്പോള ശക്തികൾ നടത്തുന്ന പേക്കൂത്തുകൾക്ക് സ്ഥലമൊരുക്കേണ്ടവരല്ല സ്ത്രീകൾ. അവർ നടന്നു പോകുന്നത് സ്ത്രീ ശരീരത്തിൽ ചവിട്ടിയാണ്. സ്ത്രീ എന്നത് ഒരു കാർബൺ കഷണമല്ലെന്നും ജീവിതമെന്നത് കേവലം ആസ്വാദനത്തിനുള്ളതല്ലെന്നും മനസ്സിലാക്കി സ്ത്രീയും മുന്നോട്ടു നീങ്ങിയാൽ അത് തന്നെയാണ് പരോക്ഷ സാമ്രാജ്യത്വത്തിനെതിരെയുള്ള ഏറ്റവും വലിയ പോരാട്ടം.

**എന്തിനും ഏതിനും കയർത്തുമ്പിൽ ജീവനൊടുക്കണമെന്ന് നമ്മെ പഠിപ്പിച്ചതാരാണ് ? ദിവസേന കണ്ണീർ വാർക്കുന്ന സിനിമാ സീരിയൽ നടിമാരോ? അതോ ഭീരുക്കളായി ആത്മഹത്യചെയ്യുന്നവരുടെ പൂർവ്വ കഥകളോ ?**

SANDEEP,
BLI Sc.

# THE SILENCE OF THE LAMBS: an appreciation

Seven Oscar nominations, five Oscar; best picture, best director, best screen play, best actor and best actress, box office success and its effect was so enormous that two more films followed with the some central character Dr. Hannibal lecter, portrayed by Anthony Hoplains. These films are 'Hannibal'(2001) and 'Red dragon'(1991) The movie involved an unusual theme told in an unusual manner.


'The Silence of the lambs' is the story of clarice starting, the FBI trainee played by Jodie foster who is in hunt for Buffalo bill, a serial killer who abducts the daughter of US senetor. Dr. Hannibal lecter lurks in at the heart of the story when clarice approach him for help. Dr. Lecter is a prisoner under maximum security and his "entrance" is unforgettable: After Clarice descends several flights of start and planning through several doors and gates. The camera focuses her flight as she first sees Lecter in his cell. He is so still standing erect at relaxed attention, in his prison suit, he looks like a waxwork of himself, on her next visit, he is erect and then slightly recoils, and then opens his mouth.

The idea of Clarice was to persuade Dr. Lecter aid her in the search of Bill. Since Dr. Lecter was also a serial killer and a cannibal, also a scholar in psychology. But Dr. Lecter had other plans; he made her to speak

**likable because he likes Clarice and helps her. Hopkins performance has much less screen time than foster's but it made an everlasting impression as audiances**

of her part and made the prison management to act according to his wills through the request of the senator whose child was abducted.

Both Clarice and Dr. Lecter succeed in their intentions : Clarice kills Buffalo Bill and saves the child. But Dr. Lecter escapes from the prison in a rather "bloody" way and in the end he is seen



Congradulating Clarice through phone from an unknown tourist spot or some island where after hanging up the phone, he follows the greedy Jail warden who, for financial gain made suffer Dr. Lecter.

The fundamental difference between the 'Silence of the lambs' and its sequels, is that, the former is frightening, involving and disturbing, while the Lecter were mere by disturbing. It is easy enough to construct a geek show if you start with a cannibal. The Secret of 'Silence' is that it doesn't start with the cannibal - It arrives at him, through the eyes and mind of a young FBI agent, Clarice. Dr. Hannibal Lecter is a wild creature, but some how has a cikable presence - likable because he likes Clarice and helps her. Hopkins performance has much less screen time than foster's but it made an everlasting impression as audiances.

One key to the film's appeal is that audiances like Hannibal lecter. That's partly because he likes Clarice and they sence he would not hurt her and also because Hopkins in a still, sly way, brings such wit and style to the character. He may be a cannibal, but he would give value for money he does not bore, he likes to amuse, he has his standards and he is the smartest person in the

movie. He also bears comparison, indeed with other movie mosters as 'Nosteratu', 'Frankan stein', 'Kingkong' and 'Norman Bates of Psycho'. They have a thing in common. They behave according to their innerself, and are misunderstood.

Foster's Clarice is not only an orphan but a disadvantaged back woods girls who worked hard to get where she is and is less self confident than she pretends. Noticing the nail polish on one of Bill's victims, she says that the girl is from "town", a word used only by some one who is not from town. Both Clarice and Dr. Lecter feels that they are excluded from the society by a common consent- from their own words They want "to inhibit". Both share similar childhood wounds. Lecter is touched when he learns that Clarice lost both her parents at an early age, and was essentially an unloved orphan.

The movie's sound track also carries themes all the way through. There are exhalatrons and sighs at many points as when the cocoon of the gypsy is taken from the throat of Bill's first victim. There are rumblings and far a way cries and laments almost too low to be heard, at critical points. Howar Shore's mournful music sets a funeral tone. When the sound track want to create terror, as when Clarice is in Bill's basement, it mixes her frightened painting with the sound of Bill's heavy breathing and the screams of the captive girl - and then adds the dog's barking, which psychologically works at a deeper level than anything else. Thus it adds those green goggles so he can see her in the dark.

**There are exhalatrons and sighs at many points as when the cocoon of the gypsy is taken from the throat of Bill's first victim**

All of these qualities might not be enough to assume the longivity of "Silence......" of it were not also truly frightening. We are frightened because of the film's clever manipulation of story and for better reasons - we like Clarice identify with her, and fear for her, just like Dr. Lecter.

The popularity of Jonathan Demme's movie is likely to last long as there is market for being scared, like Nostevatu, Psycho and Halloween. It illustrates that the best thrillers are above age. Fear is the universal emotion and a time less one. But 'the Silence of the lambs' is not merely a thril show. It is also about the most memmorable characters in movie history. Clarice starving and Dr. Hannibal lecter, and their strange, strained relationship - "People will say we're in love" lecter cackles.

ജാബിർ
ഒന്നാംവർഷ ഗണിതം

# ഴ്സിറ്റികൾ

ഇന്ത്യ സ്വതന്ത്രമായപ്പൊഴും, കേരളം ഒരു സംസ്ഥാനമായി രൂപീകരിക്കപ്പെടുമ്പൊഴും കേരളത്തിൽ ഒരേ ഒരു സർവ്വകലാശാലയേ ഉണ്ടായിരുന്നുള്ളൂ




ഒരു സംസ്ഥാനം എന്ന നിലയിൽ കേരളം ഇന്ന് സ്വായത്തമാക്കിയിട്ടുള്ള ബൗദ്ധിക അടിത്തറ കെട്ടിപ്പൊക്കിയത് സാർവ്വത്രികവും, സൗജന്യവും പുരോഗമന പരവുമായ 1957 ലെ വിദ്യാഭ്യാസ നയത്തെ അടിസ്ഥാനമാക്കിയാണെങ്കിലും, ഇവിടുത്തെ സർവ്വകലാശാലകൾക്ക് അതിലുള്ള പങ്ക് നിസ്തുലമാണ്. കേരളത്തിൽ ഇന്ന് ഏഴ് യൂണിവേഴ്സിറ്റികളാണനിലവിലുള്ളത്.

ഇന്ത്യ സ്വതന്ത്രമായപ്പൊഴും, കേരളം ഒരു സംസ്ഥാനമായി രൂപീകരിക്കപ്പെടുമ്പൊഴും കേരളത്തിൽ ഒരേ ഒരു സർവ്വകലാശാലയേ ഉണ്ടായിരുന്നുള്ളൂ. കേരളാ യൂണിവേഴ്സിറ്റി എന്ന് ഇന്ന് അറിയപ്പെടുന്ന ട്രാവൻകൂർ യൂണിവേഴ്സിറ്റിയായിരുന്നു അത്. 1937 ലാണ് കേരളാ യൂണിവേഴ്സിറ്റി തിരുവനന്തപുരം ആസ്ഥാനമാക്കി രൂപീകരിക്കുന്നത്. ഇന്ന് കേരളാ യൂണിവേഴ്സിറ്റിക്ക് തിരുവനന്തപുരത്തും കാര്യവട്ടത്തുമായി രണ്ടു സെന്ററുകളുണ്ട്. തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലും, ആലപ്പുഴ, പത്തനംതിട്ട ജില്ലകളുടെ ചിലഭാഗങ്ങളിലുമായി കേരളാ യൂണിവേഴ്സിറ്റി വ്യാപിച്ചു കിടക്കുന്നു.

കേരളം ഭാഷാടിസ്ഥാനത്തിൽ ഒരു സംസ്ഥാനമായതിന് ശേഷം രൂപം കൊണ്ട ആദ്യ സർവ്വകലാശാല കാലിക്കറ്റ് യൂണിവേഴ്സിറ്റിയാണ്. 1968 ലാണ് ഇത് രൂപം കൊള്ളുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് പൊതുവെ പിന്നോക്കം നിന്നിരുന്ന മലബാർ മേഖലയെ ബൗദ്ധികമായി ഉയർത്തുന്നതിന് വേണ്ടി രൂപീകരിക്കപ്പെട്ട കാലിക്കറ്റ് സർവ്വകലാശാലയുടെ ആസ്ഥാനം മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പാലത്താണ്. തൃശൂർ ജില്ല മുതൽ കണ്ണൂർ ജില്ലയുടെ ചില ഭാഗങ്ങൾ വരെ വ്യാപിച്ചു കിടക്കുന്നു യൂണിവേഴ്സിറ്റിയുടെ പരിധി.

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കാനും ശാസ്ത്ര- സാങ്കേതിക പഠന മേഖലയുടെ നിലവാരമുയർത്താനുമുള്ള ഒരു കേന്ദ്രീകൃത തീവ്രയത്ന പരിപാടിയുടെ ഭാഗമായി 1971 ൽ നിയമസഭ പാസാക്കിയ 'യൂണിവേഴ്സിറ്റി ഓഫ് കൊച്ചിൻ ആക്റ്റോട്' കൂടിയാണ് കളമശ്ശേരി കേന്ദ്രമാക്കി കൊച്ചിൻ യൂണിവേഴ്സിറ്റി രൂപീകരിക്കപ്പെടുന്നത്. പിന്നീട് കൊച്ചിൻ യൂണി





വേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി (കുസാറ്റ്) എന്ന് പുനർ നാമകരണം ചെയ്യപ്പെട്ട യൂണിവേഴ്സിറ്റി ഇന്ന് ദേശീയ തലത്തിൽ തന്നെ ഉന്നത നിലവാരം പുലർത്തുന്നു. കേരളത്തിലെ ഒരു കകം സാധ്യതയാണ് കുസാറ്റ് ഇന്ന്.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ രൂപീകരണത്തെ തുടർന്ന് രണ്ട് യൂണിവേഴ്സിറ്റികളുടെ കീഴിലായി കേരളത്തിലെ അഫിലിയേറ്റഡ് കോളേജുകൾ വിന്യസിക്കപ്പെട്ടു. ഇത്തരം ഒരു സന്ദർഭത്തിൽ കേരളാ യൂണിവേഴ്സിറ്റിയുടെ അധികഭാരം കുറക്കുന്നതിന്റെ ഭാഗമായും ഉന്നത വിദ്യാഭ്യാസ മേഖലയുടെ പുരോഗമനത്തിനും വേണ്ടിയാണ് 1983 ൽകേരളാ നിയമസഭ പാസാക്കിയ ആക്റ്റിലൂടെ കോട്ടയം ആസ്ഥാനമാക്കി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി നിലവിൽ വരുന്നത്. കോട്ടയം, എറണാംകുളം, ഇടുക്കി എന്നീ ജില്ലകളും പത്തനംതിട്ട, ആലപ്പുഴ ജില്ലകളുടെ ചില ഭാഗങ്ങളും ഉൾക്കൊള്ളുന്ന മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി കേരളത്തിലെ ഏറ്റവും കൂടുതൽ അഫിലിയേറ്റഡ് കോളേജുകളുള്ള സർവ്വകലാശാലയാണ്. ഏറ്റവുമധികം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിലാണ്.

കാർഷിക വിദ്യാഭ്യാസ-ഗവേഷണ മേഖല

> നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ
> യുടെ വലിയ കളരികളായി നിലനിൽക്കുമ്പോ
> തന്നെ, പലപ്പോഴും വലിയ അഴിമതികളുടെയും, ക്രമ
> ക്കേടുകളുടെയും കൂത്തരങ്ങുകളായി അവ മാറുന്ന
> കാഴ്ച നാം നിരന്തരം കണ്ടുകൊണ്ടിരിക്കുകയാണ്

യിലെ ക്രമാനുഗത വളർച്ചക്കാവശ്യമായ കഴിവും സാങ്കേതിക വൈദഗ്ധ്യവുമുള്ള മനുഷ്യ വിഭവം രൂപീകരിച്ചെടുക്കുക എന്ന പ്രാഥമിക തത്വത്തിലധിഷ്ഠിതമായാണ് 1971, ഫെബ്രുവരി 24-ാം തിയ്യതി കേരളാ നിയമസഭ ഒരു കാർഷിക സർവ്വകലാശാലയുടെ രൂപീകരണ ബിൽ പാസാക്കുന്നത്. അതേ വർഷം തന്നെ തൃശൂരിലെ മണ്ണുത്തിയിൽ യൂണിവേഴ്സിറ്റി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കാർഷിക-വിത്തുൽപ്പാദന മേഖലയിലെ ഗവേഷണത്തിനും പഠനത്തിനും മുൻതൂക്കം നൽകുന്ന സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങൾ അത്യുൽപാദന ശേഷിയുള്ള ധാന്യ-നാണ്യ വിളകൾ വികസിപ്പിച്ചെടുക്കുന്നതിലൂടെയും മറ്റു കാർഷിക മേഖലകളിലെ ക്രിയാത്മക ഇടപെടലുകളിലൂടെയും പ്രവർത്തനങ്ങൾ തുടരുന്നു.

ഭാരതീയ ദാർശനികതക്ക് ഒരു പാട് സംഭാവനകൾ നൽകിയ ശ്രീ ശങ്കരാചാര്യരുടെ പേരിൽ സംസ്കൃതം, ഭാരതീയ തത്വശാസ്ത്രം, ഇന്തോളജി, മറ്റ് ഇന്ത്യൻ ഭാഷകൾ എന്നിവയുടെ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ് 1993 ൽ ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് വേണ്ടിയുള്ള ഓർഡിനൻസ് കേരളനിയമ സഭ പുറപ്പെടുവിക്കുന്നത്. പിന്നീട് 1994 ൽ ഇത് ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി ആക്ട് ആയി നിയമ സഭ പാസാക്കുകയും, ശങ്കരാചാര്യരുടെ ജന്മ ദേശമായ കാലടിയിൽ സർവ്വകലാശാല പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

കേരളത്തിൽ ഏറ്റവുമൊടുവിൽ രൂപീകരിക്കപ്പെട്ട യൂണിവേഴ്സിറ്റിയാണ് കണ്ണൂർ യൂണിവേഴ്സിറ്റി. കാലിക്കറ്റ് സർവ്വകലാശാലക്ക് കീഴിലുള്ള കോളേജുകളുടെയും വിദ്യാർത്ഥികളുടെയും ബാഹുല്യം സൃഷ്ടിച്ച അധിക ഭാരം കുറക്കുന്നതിനും കണ്ണൂർ, കാസർകോഡ് ജില്ലകളിൽ നിന്നും സർവ്വകലാശാല കേന്ദ്രത്തിലേക്കുള്ള അകലം കൊണ്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും, മേഖലയിലെ ഉന്നത വിദ്ധ്യാഭ്യാസ നിലവാരം ഉയർത്താനും വേണ്ടിയാണ് കണ്ണൂർ യൂണിവേഴ്സിറ്റി രൂപീകരിക്കപ്പെട്ടത്. ഇന്ന് കണ്ണൂരിലും, തലശ്ശേരിക്കടുത്ത് പാലയാടുമായി രണ്ട് യൂണിവേഴ്സിറ്റി സെന്ററുകളും, കണ്ണൂർ, കാസർകോട്, വയനാട് ജില്ലകളിലുമായി യൂണിവേഴ്സിറ്റി വ്യാപിച്ചു കിടക്കുന്നു.

ഒരു പാട് ഉദ്ദേശ ലക്ഷ്യങ്ങളോടെയാണ് കേരളത്തിലെ ഓരോ സർവ്വകലാശാലയും ആരംഭിക്കുന്നത്. നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പുരോഗതിയുടെ വലിയ കളരികളായി നിലനിൽക്കുമ്പോൾ തന്നെ, പലപ്പോഴും വലിയ അഴിമതികളുടെയും, ക്രമക്കേടുകളുടെയും കൂത്തരങ്ങുകളായി അവ മാറുന്ന കാഴ്ച നാം നിരന്തരം കണ്ടുകൊണ്ടിരിക്കുകയാണ്. യൂണിവേഴ്സിറ്റികൾ അവയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ എത്രത്തോളം പൂർണ്ണതയെത്തി എന്ന ചോദ്യത്തോടൊപ്പം തന്നെ തികച്ചും ഭയമുളവാക്കുന്ന ഒന്നാണ് കൂണുകൾ പോലെ മുളച്ചുപൊന്തുന്ന ഡീംഡ് യൂണിവേഴ്സിറ്റികളും പ്രൈവറ്റ് യൂണിവേഴ്സിറ്റികളും. ആഗോളവൽക്കരണ ഫലമായി കച്ചവടവൽക്കരിക്കപ്പെടുന്ന വിദ്യാഭ്യാസവും, ഉത്തരവാദിത്തങ്ങളിൽ നിന്നും പിൻമാറിക്കൊണ്ടിരിക്കുന്ന യു.ജി.സി. പോലുള്ള കേന്ദ്ര ഏജൻസികളും, സ്വകാര്യ വൽകൃത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്ന ചഅഅഇ ഉം ഇവക്ക് ഓശാന പാടുന്ന വിദ്യാഭ്യാസ നയങ്ങളും, കോടതി ഇടപെടലുകളും നമ്മുടെ യൂണിവേഴ്സിറ്റികളുടെ മുന്നോട്ട് പോക്കിനെ എങ്ങിനെ ബാധിക്കും എന്ന് കണ്ടറിയുക തന്നെ വേണം.